©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

## പതിനാലാം  കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## എഴുപത്തിനാലാമത് റിപ്പോർട്ട്

**(2021 ജനുവരി മാസം 21-ാം  തീയതി സഭയിൽ സമർപ്പിച്ചത് )**

**[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള എറണാകുളം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

(2019-2021)

## എഴുപത്തിനാലാമത് റിപ്പോർട്ട്

(2021 ജനുവരി മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള എറണാകുളം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

269/2021.

## ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| റിപ്പോർട്ട് | : | 1-43 |
| അനുബന്ധം I : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | : | 44-53 |
| അനുബന്ധം II : | | |
| ഓഡിറ്റ് ഖണ്ഡികകളിന്മേൽ സർക്കാർ നൽകിയ മറുപടി | : | 54-77 |
| അനുബന്ധം III : | | |
| ഓഡിറ്റ് ഖണ്ഡിക 2.37 (3) സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരവും ആയതിന്മേലുള്ള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ടും | : | 78-108 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## (2019-2021)

### ഘടന

<u>അദ്ധ്യക്ഷൻ:</u>

ശ്രീ. കെ. സുരേഷ് കുറുപ്പ്.

<u>അംഗങ്ങൾ:</u>

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ടി. എ. അഹമ്മദ് കബീർ

ശ്രീ. അനിൽ അക്കര

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. പി. ടി. തോമസ്

* ശ്രീ. തോമസ് ചാണ്ടി

** ശ്രീ. കെ. വി. വിജയദാസ്

*** ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ത്രിദീപ് കെ. ജി., ജോയിന്റ് സെക്രട്ടറി

ശ്രീമതി ജോസഫൈൻ എ. വി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

---

* 2019 ഡിസംബർ മാസം 20-ാം തീയതി നിര്യാതനായി

*** 2020 മാർച്ച് മാസം 8-ാം തീയതി നിര്യാതനായി

** 2021 ജനവരി മാസം 18-ാം തീയതി നിര്യാതനായി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി(2019-2021)യുടെ 74-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള എറണാകുളം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2021 ജനുവരി മാസം 14-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

**കെ. സുരേഷ് കുറുപ്പ്,**
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 ജനുവരി 21.

# റിപ്പോർട്ട്

## കേരള സംസ്ഥാന ഓഡിറ്റ്  വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള എറണാകുളം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്

ഓഡിറ്റ് ഖണ്ഡിക

### കൂവപ്പടി ഗ്രാമപഞ്ചായത്ത്

**വോട്ടർ പട്ടിക അച്ചടിക്ക് അധികം തുക നൽകിയതുമൂലം 1,25,757 രൂപയുടെ നഷ്ടം**

(2000-2001 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3.7)

2004-ലെ പഞ്ചായത്ത് ഇലക്ഷനുവേണ്ടി വോട്ടർ പട്ടിക അച്ചടിച്ച് കോപ്പി എടുക്കുന്നതിനുമായി 2,28,692 രൂപ ചെലവഴിച്ചതിൽ അച്ചടി പൂർണ്ണമാക്കാത്ത 9 സ്ഥാപനങ്ങൾക്ക് നൽകിയ 1,25,757 രൂപ നഷ്ടമായി ഭവിച്ചു.

9 അച്ചടി സ്ഥാപനങ്ങളിൽ മാറിമാറി അച്ചടിച്ചിട്ടുണ്ടെങ്കിലും അവയൊന്നും പൂർണ്ണമാക്കിയിട്ടില്ല. തുടർന്ന് 10-ാമത്തെ സ്ഥാപനമായ ശ്രീരാം പ്രിന്റേഴ്സ് പെരുമ്പാവൂരിന് വോട്ടർ പട്ടിക പൂർണ്ണമായി അച്ചടിച്ച് നൽകിയ 125 കോപ്പികൾക്ക് നൽകിയ 1,02,935 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നു. ഓഡിറ്റിൽ അംഗീകരിച്ച 1,02,935 രൂപ കഴിച്ച് അനാവശ്യമായി നൽകിയ 1,25,757 രൂപ നഷ്ടമിനത്തിൽ ഉൾപ്പെടുത്തുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് , ഓഡിറ്റ് ഖണ്ഡിക നമ്പർ 2.36(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു:

1. പ്രസ്തുത ഓഡിറ്റ് തടസ്സത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞതിന്, അടിയന്തര സാഹചര്യത്തിലാണ് വോട്ടർ പട്ടിക തയ്യാറാക്കിയതെന്നും കൂവപ്പടി പഞ്ചായത്തിനെ  ഒക്കൽ, കൂവപ്പടി എന്നീ രണ്ട് പഞ്ചായത്തുകളായി വിഭജിച്ചതുമൂലം വോട്ടർ പട്ടിക തയ്യാറാക്കുകയെന്നത് വളരെ സങ്കീർണ്ണമായ ജോലിയായിരുന്നുവെന്നും ആയതിന് 2,28,692 രൂപ ചെലവുവന്നുവെന്നും സമയപരിധിക്കുള്ളിൽ അച്ചടിച്ചു പൂർണ്ണമാക്കാത്തതുമൂലം 1,25,757 രൂപയുടെ നഷ്ടം വന്നിട്ടുണ്ടെന്നും 9 സ്ഥാപന ങ്ങൾക്കായി വിഭജിച്ചുകൊടുത്തിരുന്ന വോട്ടർ പട്ടിക അച്ചടിച്ച് പൂർത്തിയാക്കാത്തതുമൂലം

പത്താമതൊരു സ്ഥാപനത്തിൽ അച്ചടിക്കാൻ കൊടുത്തിരുന്നുവെന്നും ആയതിന്റെ ചെലവുകൾ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടെന്നും സെക്രട്ടറിയും പഞ്ചായത്ത് ഡയറക്ടർ ഇൻ-ചാർജ്ജും മറുപടി നൽകി. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സമയബന്ധിതമായി ജോലി തീർപ്പാക്കേണ്ടതിന്റെ ആവശ്യകത, വാർഡ് വിഭജനം എന്നിവ മുൻനിർത്തിയും പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതായി ബോദ്ധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഈ വിഷയത്തിൻമേൽ നടപടികൾ അവസാനിപ്പിക്കാൻ സമിതി തീരുമാനിച്ചു.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

2. **കുവപ്പടി ഗ്രാമപഞ്ചായത്ത് ഒക്കൽ, കുവപ്പടി എന്നീ പഞ്ചായത്തുകളായി വിഭജിച്ചതുകാരണം വോട്ടർ പട്ടിക തയ്യാറാക്കുകയെന്നത് വളരെ സങ്കീർണ്ണമായ ജോലിയായിരുന്നുവെന്നും തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സമയബന്ധിതമായി ജോലി തീർപ്പാക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും സമിതിക്ക് ബോദ്ധ്യപ്പെട്ടുകയും പുതിയ പഞ്ചായത്ത് നിലവിൽ വന്നതുമൂലം വാർഡ് വിഭജനം ഉണ്ടായ പ്രത്യേക സാഹചര്യം മുൻനിർത്തി തെറ്റുകൾ തിരുത്തി ശരിയായ വോട്ടർ പട്ടിക അച്ചടിച്ചതുവരെയുള്ള ചെലവുകൾ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഖണ്ഡികയിന്മേലുള്ള ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

അശമന്നൂർ ഗ്രാമപഞ്ചായത്ത്

**ശുദ്ധജല വിതരണ പദ്ധതി പണി പൂർത്തിയാക്കാത്തതുമൂലം 23,416 രൂപയുടെ നഷ്ടം**

(1999-2000 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 2.6)

ശുദ്ധജല വിതരണ പദ്ധതിയുടെ പണി പൂർത്തിയാക്കാത്തത് കൺവീനർക്ക് അധികം നൽകിയ 23,416 രൂപ പഞ്ചായത്തിന് നഷ്ടം.

99,741 രൂപ എസ്റ്റിമേറ്റുള്ള ശുദ്ധജലവിതരണ പദ്ധതിക്ക് മുൻകൂർ ഉൾപ്പെടെ ഒരു ലക്ഷം രൂപ നൽകിയെങ്കിലും 76,584 രൂപയുടെ പണി മാത്രമേ നടന്നിട്ടുള്ളൂ. പൂർത്തിയായ പണിയുടെ തന്നെ അന്തിമബില്ല് തയ്യാറാക്കിയിട്ടില്ല. പണി പൂർത്തിയാക്കാത്തതിനാൽ പദ്ധതിയുടെ ലക്ഷ്യം പൂർത്തിയായില്ല എന്ന് വിലയിരുത്തുന്നു. കൺവീനർക്ക് അധികമായി നൽകിയ 23,416 രൂപ പലിശസഹിതം തിരിച്ചുപിടിക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക നമ്പർ 2.37(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു:

3. ഓഡിറ്റ് തടസ്സവുമായി ബന്ധപ്പെട്ട സമിതിയുടെ ചോദ്യത്തിന് പദ്ധതി ഇപ്പോൾ പ്രവർത്തനക്ഷമമാണെന്നും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 16 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. അന്തിമ ബിൽ തയ്യാറാക്കി ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരിശോധനയ്ക്ക് സമർപ്പിക്കുമെന്ന മറുപടിയിന്മേൽ വ്യക്തത ആവശ്യപ്പെട്ടതിന് അന്തിമ ബിൽ തയ്യാറാക്കാൻ സാങ്കേതികമായി ബുദ്ധിമുട്ടുണ്ടെന്നും അന്ന് ചെയ്ത പ്രവൃത്തികളുടെയും അതിനുശേഷം നടന്ന പ്രവൃത്തികളുടെയും വാല്യൂവേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയിട്ടുള്ളത് ഓഡിറ്റിന് ഹാജരാക്കാമെന്നും പഞ്ചായത്ത് ഡയറക്ടർ (ഇൻ-ചാർജ്) മറുപടി നൽകി. ഈ വിഷയത്തിന്മേൽ സമിതി ഓഡിറ്റിന്റെ അഭിപ്രായമാരാഞ്ഞതിന്, നേരത്തെ തയ്യാറാക്കിയിരുന്ന എം.ബുക്ക് പ്രകാരം 23,416 രൂപ അധികം നൽകിയതായി കാണുന്നുവെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ (ഇൻ-ചാർജ്) മറുപടി നൽകി. അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കുവാനും ഓഡിറ്റ് ആയത് പരിശോധിച്ച് റിപ്പോർട്ട് നൽകുവാനും സമിതി നിർദ്ദേശിച്ചു. ഇല്ലത്തുപടി ശുദ്ധജല വിതരണ പദ്ധതിയുടെ കരാർ ദീർഘിപ്പിച്ചിരുന്നോ എന്നത് സംബന്ധിച്ചും മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

4. കരാർ കാലാവധി ദീർഘിപ്പിച്ചിരുന്നില്ല. പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക ഇല്ലായിരുന്നതിനാൽ പ്രൈവറ്റ് എഞ്ചിനീയർ ആണ് ടി പ്രവൃത്തിയുടെ വാല്യൂവേഷൻ ചെയ്തിരുന്നത്. അന്തിമ ബിൽ തയ്യാറാക്കുന്നതിന് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർക്കും അതിനുശേഷം പ്രൈവറ്റ് എഞ്ചിനീയർക്കും നിർദ്ദേശം നൽകിയെങ്കിലും 1999-2000 വർഷത്തിൽ ചെയ്ത ടി പ്രവൃത്തിയുടെ വാല്യൂവേഷൻ തയ്യായാറാക്കുന്നതിന് കാലപ്പഴക്കംമൂലം സാധിക്കാതെ വന്നതായി ടി ഉദ്യോഗസ്ഥൻ പഞ്ചായത്തിനെ അറിയിച്ചിട്ടുള്ളതാണ്. മേൽ വസ്തുത കണക്കിലെടുത്ത് ടി ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി ഐകകണ്ഠേന 17-10-2014 തീയതിയിൽ നടന്ന മീറ്റിംഗിലെ 16(22)-ാം നമ്പർ തീരുമാന പ്രകാരം അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയിന്മേലുള്ള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

5. ഇല്ലത്തുപടി പട്ടികജാതി കോളനിയിലെ 24 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ ഈ പദ്ധതിക്ക് 25-1-1999-ലെ 1-ാം നമ്പർ തീരുമാനപ്രകാരം 99,741 രൂപ പദ്ധതി വിഹിതം വകയിരുത്തി ഡി.പി.സി. അംഗീകാരം വാങ്ങി. ശ്രീ. എ. തങ്കപ്പൻ കൺവീനറായും ശ്രീ. പി. ടി. കുഞ്ഞ് ചെയർമാനായും ഗുണഭോക്തൃ സമിതി കൂടി 25-3-1999-ൽ പഞ്ചായത്തുമായി കരാർ ഒപ്പ് വച്ച് പണി ഏറ്റെടുത്തു. 50,000 രൂപ മുൻകൂർ തുകയായി 30-3-1999-ൽ കൺവീനർ കൈപ്പറ്റി. ഡിസ്ട്രിബ്യൂഷൻ ലൈൻ കൂടി ഉൾപ്പെടുത്തി എ, ബി, സി എന്നീ മൂന്ന് ഭാഗങ്ങളിലായി (അപ്പെൻഡിക്സ് എ, ബി, സി) തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് നിലവിലുള്ള ജലസ്രോതസ്സിൽ കിണർ (റിംഗ്) താഴ്ത്തി, 3 എച്ച്.പി. യുടെ മോട്ടോർ സ്ഥാപിച്ച് (മോട്ടോർ പുര ഉൾപ്പെടെ) 400 മീറ്റർ നീളത്തിൽ പൈപ്പിട്ട് കോളനിയിൽ ഒരു ഗ്രൗണ്ട് ലെവൽ വാട്ടർ ടാങ്ക് സ്ഥാപിച്ച് ഡിസ്ട്രിബ്യൂഷൻ ലൈൻ ഉൾപ്പെടെ വീടുകളിൽ വെള്ളമെത്തിക്കുക എന്നതാണ് പ്രോജക്ട്. അളവ് പുസ്തകം നമ്പർ 1/98-99 പ്രകാരം നിലവിലുള്ള കുളത്തിൽ ആഴം വർദ്ധിപ്പിച്ച് (അപ്പെൻഡിക്സ് ബി), 3 എച്ച്.പി. മോട്ടോർ അനുബന്ധ കണക്ഷനുകൾ, 400 മീറ്റർ നീളത്തിൽ പൈപ്പ് സ്ഥാപിക്കൽ (അപ്പെൻഡിക്സ് എ), മോട്ടോർ പുര (പമ്പ് ഹൗസ്) നിർമ്മിച്ച് പമ്പ് സ്ഥാപിക്കൽ (അപ്പെൻഡിക്സ് സി) എന്നിവ 30-3-1999-ൽ തന്നെ പൂർത്തിയാക്കി ഒന്നാം പാർട്ട് ബിൽ 60,459 രൂപ ആകെ പ്രവൃത്തിമൂല്യം കണക്കാക്കി തയ്യാറാക്കിയിരുന്നു. ബിൽ തയ്യാറാക്കിയത് അന്നത്തെ കൂവപ്പടി ബ്ലോക്ക് അസിസ്റ്റന്റ് എഞ്ചിനീയർ ആയിരുന്ന ശ്രീ. കെ. വി. തങ്കപ്പനും ചെക്ക് മെഷർ ചെയ്തത് റിട്ടയേർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയിരുന്ന ശ്രീ. ടി. എം. ബെഹനാനും ആയിരുന്നു. തുടർന്ന് എസ്റ്റിമേറ്റിലെ അപ്പെൻഡിക്സ് സി പ്രകാരം വാട്ടർ ടാങ്ക് പണിത് വീടുകളിലേയ്ക്ക് കണക്ഷൻ കൊടുക്കുന്നത് ഉൾപ്പെടെയുള്ള 14 ഇനം പ്രവൃത്തികൾ ചെയ്തതായി അളവ് പുസ്തകം 1/98-99-ൽ, പഞ്ചായത്ത് കരാർ എഞ്ചിനീയർ ആയിരുന്ന ശ്രീമതി ബിന്ദു 31-3-2000-ൽ രണ്ടാം പാർട്ട് ബിൽ തയ്യാറാക്കിയിട്ടുണ്ട്. കോളനിയിലെ ഉയരമുള്ള പ്രദേശത്ത് കോൺക്രീറ്റ് ടാങ്ക് നിർമ്മിച്ച് (8.5x9x1.25) താഴെയുള്ള സ്രോതസ്സിൽ

നിന്ന് പമ്പ് ചെയ്യുന്ന വെള്ളം സംഭരിക്കുവാനുതകും വിധമാണ് നിർമ്മാണം നടത്തിയിരിക്കുന്നത്. 31-3-2000-ൽ തയ്യാറാക്കിയ ഈ പാർട്ട് ബിൽ 16,124 രൂപ ആകെ പ്രവൃത്തിമൂല്യം കാണിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞവ പ്രകാരം ആകെ ചെയ്ത പ്രവൃത്തിയുടെ മൂല്യം

| | | |
|---|---|---|
| | 60,459 | - ഒന്നാം പാർട്ട് ബിൽ 30-3-1999 |
| | 16,124 | - രണ്ടാം പാർട്ട് ബിൽ 31-3-2000 |
| ആകെ - | 76,583 | |

കൺവീനർ ആകെ കൈപ്പറ്റിയ തുക

| | | |
|---|---|---|
| | 50,000 | - ചെക്ക് നമ്പർ 377651/28-3-1999 (മുൻകൂർ) |
| | 50,000 | - ചെക്ക് നമ്പർ 377684/31-3-1999 |
| ആകെ - | 1,00,000 | |

6. പ്രാദേശിക പരിശോധനയിൽ കുളത്തിന് ആഴം കൂട്ടി പമ്പ് ഹൗസിൽ സ്ഥാപിച്ചിരിക്കുന്ന 3 എച്ച്.പി. പമ്പ് ഉപയോഗിച്ച് 400 മീറ്റർ നീളത്തിൽ പൈപ്പിട്ട്, കോളനിയിലെ ഉയർന്ന പ്രദേശത്ത് സ്ഥാപിച്ചിരിക്കുന്ന കോൺക്രീറ്റ് വാട്ടർ ടാങ്കിലേയ്ക്ക് വെള്ളം പമ്പ് ചെയ്ത് നിറയ്ക്കുന്നുണ്ട് എന്ന് ബോദ്ധ്യപ്പെട്ടു. ഈ ടാങ്കിൽ നിന്ന് ആ പ്രദേശത്തെ 20-ൽപ്പരം വീടുകളിലേയ്ക്ക് ഡിസ്ട്രിബ്യൂഷൻ ലൈനുകൾ വഴി കുടിവെള്ളം എത്തിക്കുന്നുണ്ട്. എന്നാൽ അംഗീകരിച്ച എസ്റ്റിമേറ്റിൽ നിർദ്ദേശിച്ച പ്രകാരം അപ്പെൻഡിക്സ് ബി-യിലെ 7, 8, 11 ഇനങ്ങളായ ടാങ്ക് നിർമ്മിച്ചിരിക്കുന്ന ചെറിയ കുന്നിന്റെ മണ്ണിടിച്ചിൽ തടയുവാൻ റിറ്റെയ്നിംഗ് വാൾ, ടാങ്കിന് അലുമിനിയം റൂഫിംഗ് ഷീറ്റ് എന്നിവ നിർമ്മിച്ചിട്ടില്ല. 250 മീറ്റർ പി.വി.സി. ഡിസ്ട്രിബ്യൂഷൻ പൈപ്പുകൾ സൈറ്റിൽ ഇറക്കിയെങ്കിലും യഥാസമയം സ്ഥാപിക്കാതിരുന്നതുമൂലം നഷ്ടപ്പെട്ട് പോവുകയാണുണ്ടായത് എന്നാണ് പ്രദേശവാസികൾ അറിയിച്ചത്. തുടർന്ന് ഗുണഭോക്തൃ സമിതി മുൻകയ്യെടുത്ത് ഡിസ്ട്രിബ്യൂഷൻ പൈപ്പുകൾ വാങ്ങി സ്ഥാപിച്ചാണ് കുടിവെള്ള വിതരണം ആരംഭിച്ചത്. കൂടാതെ മോട്ടോർപുരയിലെ ഇലക്ട്രിക് കണക്ഷൻ ലഭിച്ചത് മോട്ടോർ സ്ഥാപിച്ച് 5 വർഷങ്ങൾക്ക് ശേഷം മാത്രമാണ് എന്ന് ഗുണഭോക്താക്കൾ അറിയിച്ചു.

7. നിലവിൽ പമ്പിംഗ് നടത്തി പ്രദേശത്ത് കുടിവെള്ള വിതരണം നടത്തി വരുന്നുണ്ടായിരുന്നു. എന്നാൽ, കഴിഞ്ഞ 6 മാസത്തിലധികമായി, ഇടിമിന്നലേറ്റ് നിലവിലെ മോട്ടോർ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമല്ല. ദിവസത്തിൽ പലപ്രാവശ്യവും പമ്പിംഗ് നടത്തിയാൽ മാത്രമേ വാട്ടർ ടാങ്ക് നിറയുകയുള്ളൂ.

ആയതിനാൽ പുതിയ മോട്ടോർ സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് 25,000 രൂപ തനത് ഫണ്ട് വകയിരുത്തി 2015-16 വർഷം പ്രോജക്റ്റ് തയ്യാറാക്കുകയും, ക്വട്ടേഷൻ നടപടി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

സമിതി ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച്

8. (എ) 25-3-1999-ൽ ഗുണഭോക്തൃ സമിതി പഞ്ചായത്തുമായി ഉണ്ടാക്കിയ കരാർ പ്രകാരം ഉള്ള പ്രവൃത്തികളിൽ 76,583 രൂപയുടെള്ള പ്രവൃത്തികൾ ചെയ്യുകയും, അന്ന് വരെ 1,00,000 രൂപ മുൻകൂറായി കൈപ്പറ്റുകയും ചെയ്തിരുന്നു. എസ്റ്റിമേറ്റിലെ ബാക്കി പ്രവൃത്തികൾ പിന്നീട് ചെയ്യുകയോ കരാർ പുതുക്കുകയോ ഉണ്ടായിട്ടില്ല.

(ബി) എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികളിൽ 31-3-1999-ലെ ഒന്നാം പാർട്ട് ബിൽ തയ്യാറാക്കിയത് പഞ്ചായത്തിലെ അന്നത്തെ അസിസ്റ്റന്റ് എഞ്ചിനീയർ ആയിരുന്ന ശ്രീ. കെ. വി. തങ്കപ്പനും 31-3-2000-ലെ രണ്ടാം പാർട്ട് ബിൽ തയ്യാറാക്കിയത് പഞ്ചായത്തിലെ കരാർ എഞ്ചിനീയർ ആയിരുന്ന ശ്രീമതി ബിന്ദുവുമായിരുന്നു. ഇവർ രണ്ട് പേരും ഇപ്പോൾ സേവനത്തിലില്ല.

9. എസ്റ്റിമേറ്റിലെ അപ്പെൻഡിക്സ് ബി-യിൽ 7 മുതൽ 14 വരെ ഇനങ്ങളാണ് പിന്നീട് ചെയ്യുവാനുണ്ടായിരുന്നത്. ഈ പ്രവൃത്തികളിൽ പി.വി.സി. പൈപ്പ് വാങ്ങി സ്ഥാപിക്കുക മാത്രമാണ് പിന്നീട് ചെയ്തത്. വർഷങ്ങൾ കഴിഞ്ഞാണ് ഈ പ്രവൃത്തി ചെയ്തത്. പമ്പ് ഹൗസിന് ഇലക്ട്രിക്കൽ കണക്ഷൻ ലഭിച്ചതും പിന്നീടാണ്. ഈ പ്രവൃത്തികളൊന്നും അളവ് പുസ്തകത്തിൽ നാളിതുവരെ രേഖപ്പെടുത്തി ഫൈനൽ ബിൽ തയ്യാറാക്കിയിട്ടുമില്ല.

10. ഇലക്ട്രിക്കൽ കണക്ഷൻ കിട്ടി, ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ ഉൾപ്പെടെയുള്ള പണി പൂർത്തീകരിച്ചതായി ഗുണഭോക്തൃ സമിതി കൺവീനർ പഞ്ചായത്തിനെ അറിയിച്ചതിനെ തുടർന്ന് ഫൈനൽ ബിൽ തയ്യാറാക്കുന്നതിന്, അസിസ്റ്റന്റ് എഞ്ചിനീയറെ ഏൽപ്പിക്കുന്നതിന് 25-9-2008-ൽ പഞ്ചായത്ത് തീരുമാനമെടുക്കുകയും നടപടിയൊന്നും ആകാത്തതിനാൽ 20-11-2008-ൽ കൺവീനർക്ക് പഞ്ചായത്ത് നോട്ടീസ് നൽകുകയും ചെയ്തു. വീണ്ടും 24-10-2013-ൽ ഇത് സംബന്ധിച്ച് പഞ്ചായത്ത് നോട്ടീസ് നൽകുകയും ചെയ്തു. പിന്നീട് 24-10-2013-ൽ പഞ്ചായത്ത് സെക്രട്ടറി, അന്നത്തെ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകിയെങ്കിലും നടപടിയൊന്നും ഇതുവരെ സ്വീകരിച്ചിട്ടില്ല.

11. 31-3-2000-ൽ രണ്ടാം പാർട്ട് ബിൽ സമർപ്പിച്ചതിന് ശേഷം, ഡിസ്ട്രിബ്യൂഷൻ ലൈൻ കൊടുക്കുവാൻ വേണ്ടി പി.വി.സി. പൈപ്പുകൾ ഇറക്കിയത് നഷ്ടപ്പെട്ടെങ്കിലും ഗുണഭോക്താക്കൾ മുൻകയ്യെടുത്ത് പൈപ്പ് സ്ഥാപിച്ചു എന്നാണ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്. എന്നാൽ ഈ പ്രവൃത്തി കഴിഞ്ഞ് 2008-ൽ ആണ് ബാക്കി

പ്രവൃത്തിയുടെ മെഷർമെന്റ് എടുത്ത് ഫൈനൽ ബിൽ തയ്യാറാക്കുവാൻ എഞ്ചിനീയറോട് ആവശ്യപ്പെട്ടത് എന്നതിനാൽ വർഷങ്ങൾക്കു മുമ്പ് ഭൂമിക്കടിയിൽ സ്ഥാപിച്ച പൈപ്പുകളുടെ അളവും പ്രവൃത്തിയുടെ മൂല്യവും കണക്കാക്കുക എന്നത് സാങ്കേതികമായി പ്രായോഗികമല്ല എന്നതിനാലാണ് എഞ്ചിനീയർമാർ പിന്നീട് ഫൈനൽ ബിൽ തയ്യാറാക്കുന്നതിന് തയ്യാറാകാതിരുന്നത് എന്നാണ് വ്യക്തമാകുന്നത്.

12. ഭൂമിക്കടിയിൽ സ്ഥാപിച്ച പൈപ്പുകളുടെ മൂല്യം പ്രീ-മെഷർമെന്റിലൂടെയാണ് കണക്കാക്കാവുന്നത് എന്നതും വസ്തുതയാണ്. പണി പൂർത്തിയായി വർഷങ്ങൾ കഴിഞ്ഞതിനാൽ ബാക്കി ചെയ്ത പ്രവൃത്തിയുടെ മൂല്യം നിർണ്ണയിക്കുന്നതിനുള്ള സാങ്കേതിക വൈഷമ്യം കണക്കിലെടുത്തും നിലവിൽ കുടിവെള്ള പദ്ധതി നല്ലരീതിയിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിലും ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് 17-10-2014-ലെ 16(22)-ാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് അപേക്ഷിച്ചിട്ടുമുണ്ട്.

13. എന്നിരുന്നാലും 1,00,000 രൂപ മുൻകൂറായി കൈപ്പറ്റിയതിൽ അളവ് പുസ്തക പ്രകാരം 76,584 രൂപയുടെ പ്രവൃത്തിമൂല്യം മാത്രമേ നടന്നിട്ടുള്ളൂ എന്ന് രേഖപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിലും എസ്റ്റിമേറ്റ് പ്രകാരം പൂർത്തിയാക്കുവാനുണ്ടായിരുന്ന ബാക്കി പ്രവൃത്തികളിൽ പി.വി.സി. പൈപ്പ് ലൈൻ സ്ഥാപിച്ച് പ്രവൃത്തിയുടെ മൂല്യം കണക്കാക്കി ക്ഷമതയുള്ള എഞ്ചിനീയർ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി ഫൈനൽ ബിൽ തയ്യാറാക്കാത്തതിനാലും സാങ്കേതികമായി 23,416 രൂപ കൺവീനറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. എങ്കിലും അപ്പെൻഡിക്സ് ബി-യിലെ റിറ്റെയ്നിംഗ് വാൾ, ടാങ്കിന് കവറിംഗ് ഷീറ്റ് എന്നിവയൊഴികെയുള്ള പ്രവൃത്തികൾ പഞ്ചായത്തിൽ നിന്ന് ചെലവില്ലാതെ ഗുണഭോക്തൃ സമിതി തന്നെ ചെയ്തിട്ടുള്ളതായും നിലവിൽ കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാണെന്നതിനാലും എസ്റ്റിമേറ്റിൽ പറഞ്ഞതിൽ ചെയ്യാതിരുന്ന പ്രവൃത്തി ഒഴികെയുള്ളവയുടെ എസ്റ്റിമേറ്റ് തുക പ്രവൃത്തി മൂല്യമായി കണക്കാക്കി നിജപ്പെടുത്താവുന്നതാണെന്ന് അഭിപ്രായപ്പെടുന്നു. ഇതു പ്രകാരം

| | | |
|---|---|---|
| ആകെ എസ്റ്റിമേറ്റ് തുക (പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം) | - | 1,26,173 |
| (-) നിലവിൽ ചെയ്യാത്ത പ്രവൃത്തികളുടെ മൂല്യം | - | 1,729 |
| ബാക്കി മൂല്യം | - | 1,24,444 |
| കൺവീനർക്ക് നൽകിയ തുക | - | 1,00,000 |

ഇതുപ്രകാരം കൺവീനർക്ക് നൽകിയതിലും അധികം തുകയ്ക്കുള്ള പ്രവൃത്തി നടന്നിട്ടുള്ളതായി കാണുന്നതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് അഭിപ്രായപ്പെടുന്നു.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

14. **ഇല്ലത്തുപടി പട്ടികജാതി കോളനിയിലെ 24 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതിയ്ക്കായി 1,00,000 മുൻകൂറായി കൺവീനർ കൈപ്പറ്റിയെങ്കിലും അളവുപുസ്തക പ്രകാരം 76,584 രൂപയുടെ പ്രവൃത്തി മൂല്യം മാത്രമേ നടന്നിട്ടുള്ളൂ എന്ന് രേഖപ്പെടുത്തിയിരിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കുവാനും ഓഡിറ്റിനോട് ആയത് പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി നിർദ്ദേശിച്ചത് പ്രകാരം സർക്കാർ നൽകിയ മറുപടിയും ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ടും എസ്റ്റിമേറ്റ് പ്രകാരം പൂർത്തിയാക്കുവാനുണ്ടായിരുന്ന ബാക്കി പ്രവൃത്തികളിൽ, പി.വി.സി. പൈപ്പ് ലൈൻ സ്ഥാപിച്ച് പ്രവൃത്തിയുടെ മൂല്യം കണക്കാക്കി, ക്ഷമതയുള്ള എഞ്ചിനീയർ അളവുപുസ്തകത്തിൽ രേഖപ്പെടുത്തി ഫൈനൽ ബിൽ തയ്യാറാക്കാത്തതിനാലും, സാങ്കേതികമായി 23,416 രൂപ കൺവീനറിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണെങ്കിലും അപ്പെൻഡിക്സ് ബി-യിലെ റിറ്റെയ്നിംഗ് വാൾ, ടാങ്കിന് കവറിംഗ് ഷീറ്റ് എന്നിവ ഒഴികെയുള്ള പ്രവൃത്തികൾ പഞ്ചായത്തിൽനിന്നുള്ള ചെലവില്ലാതെ ഗുണഭോക്തൃ സമിതി തന്നെ ചെയ്തിട്ടുള്ളതായും നിലവിൽ കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാണെന്നതിനാലും പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 1,26,173 രൂപയും, നിലവിൽ ചെയ്യാത്ത പ്രവൃത്തികളുടെ മൂല്യം 1,729 രൂപയും ബാക്കി തുക 1,24,444 രൂപയും ആണെങ്കിലും കൺവീനർക്ക് നൽകിയ തുക 1,00,000 ആണെന്നിരിക്കെ കൺവീനർക്ക് നൽകിയതിലും അധികം തുകയ്ക്കുള്ള പ്രവൃത്തി നടന്നിട്ടുള്ളതായി കാണുന്നതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**വനിതാഫിഷ് മാർക്കറ്റിംഗ് സൊസൈറ്റി പണി പൂർത്തിയാക്കാത്തതുമൂലം പദ്ധതി തുക പാഴായി**

(1999-2000 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2.8)

വനിതാഫിഷ് മാർക്കറ്റിംഗ് സൊസൈറ്റി സ്ഥാപിച്ച് ഫിഷ് മാർക്കറ്റിംഗ് നടത്തുന്ന പദ്ധതിയുടെ നിർവ്വഹണം പൂർത്തിയാക്കാത്തതുമൂലം ചെലവഴിച്ച 63,365 രൂപ പാഴായി.

60,000 രൂപ വീതം പദ്ധതിവിഹിതവും ഗുണഭോക്തൃവിഹിതവും ചേർന്ന് 1,20,000 രൂപ അടങ്കലുള്ള പദ്ധതിയിൽ 63,365 രൂപ ചെലവഴിച്ച് 1999-2000-ൽ ഫ്രിഡ്ജും ഫ്രീസറും വാങ്ങിക്കുകയും പഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കുന്നതിന്

ഏൽപ്പിക്കുകയും ചെയ്തു. വനിതകളുടെ സഹകരണ സംഘം രൂപീകരിക്കാതെ തന്നെ ഫ്രിഡ്ജും ഫ്രീസറും വാങ്ങിക്കുകയും 3 വർഷക്കാലം ഉപയോഗശൂന്യമായി വച്ചിരിക്കുകയുമാണ്. ലക്ഷ്യം പൂർത്തിയാകാതെ പദ്ധതിപ്പണം പാഴാക്കിയതിന് 63,365 രൂപ തടസ്സപ്പെടുത്തിയിട്ടുണ്ട്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-2006 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.37(2)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

15. പണി പൂർത്തിയാക്കാത്തതുമൂലം പദ്ധതി തുക പാഴാക്കിയതിനെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഫ്രിഡ്ജും ഫ്രീസറും വാങ്ങിയതിനുശേഷമാണ് സംഘങ്ങൾക്ക് ധനസഹായം നൽകാൻ പാടില്ലെന്ന് നിർദ്ദേശം വന്നതെന്നും ആയതുകൊണ്ടാണ് അവ കുടുംബശ്രീ യൂണിറ്റിന് കൈമാറിയതെന്നും മത്സ്യബന്ധന വകുപ്പ് പഞ്ചായത്തിന് അനുവദിച്ച ഫണ്ടാണ് ഇതിനുപയോഗിച്ചതെന്നും പഞ്ചായത്ത് ഡയറക്ടർ (ഇൻ-ചാർജ്) മറുപടി നൽകി. ഓഡിറ്റ് വകുപ്പിനെ പ്രസ്തുത വസ്തുതകൾ ബോദ്ധ്യപ്പെടുത്തണമെന്നും ഓഡിറ്റ് ആയത് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

16. കരാർ ഉടമ്പടി വെച്ചിട്ടില്ല. 8-10-2014 തീയതിയിലെ സി-4777/14 നമ്പർ കത്ത് പ്രകാരം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറോട് പരിശോധന നടത്തുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. പരിശോധന നടന്നിട്ടില്ല എന്ന വിവരം സമർപ്പിച്ചുകൊള്ളുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയിന്മേലുള്ള ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

17. വനിതാ സഹകരണ സംഘത്തിന് ഫിഷ് മാർക്കറ്റിംഗ് സൊസൈറ്റി എന്ന പദ്ധതിയുടെ ഭാഗമായി കോൾഡ് സ്റ്റോറേജ് യൂണിറ്റ് വാങ്ങി നൽകുവാനായി 2,00,000 രൂപ അടങ്കൽ ആയി 1997-98-ൽ അംഗീകരിച്ച പദ്ധതി പ്രകാരം ജിജിൻ എന്റർപ്രൈസസ്, മൂവാറ്റുപുഴ എന്ന സ്ഥാപനത്തിൽ നിന്ന് ഡീപ് ഫ്രീസർ, ഡബിൾ ഡോർ 286 ലിറ്റർ റഫ്രിജറേറ്റർ എന്നിവ 49,375 രൂപയ്ക്കും സാജ്ടെക് എന്ന സ്ഥാപനത്തിൽ നിന്നും 1000 വി.എ., 500 വി.എ. വോൾട്ടേജ് സ്റ്റെബിലൈസറുകൾ,

1,890 രൂപയും, ഐവറി ഇൻഡ്യ ലിമിറ്റഡിൽ നിന്നും അളവുകട്ടികൾ, കൗണ്ടർ സ്കെയിൽ, പോർട്ടബിൾ വെയിംഗ് മെഷീൻ പ്ലാറ്റ്ഫോം എന്നിവ 12,100 രൂപയും പഞ്ചായത്ത് വാങ്ങിച്ചു.

<u>ആകെ ചെലവായ തുക</u>

| | | |
|---|---|---|
| 49,375 | - | ചെക്ക് 955106/31-1-2000 (ജിജിൻ എന്റർപ്രൈസസ്) |
| 1,890 | - | ചെക്ക് 955107/8-2-2000 (സാജ് ടെക്ക്) |
| 12,100 | - | ചെക്ക് 955111/30-3-2000 (ഐവറി ഇന്ത്യാ ലിമിറ്റഡ്) |
| -------------- | | |
| 63,365 | - | ആകെ |

18. ഈ പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥ അശമന്നൂർ എൽ.വി.ഇ.ഒ. ആയിരുന്നു. 30-3-2000-ൽ തന്നെ ഈ സാമഗ്രികൾ പഞ്ചായത്തിൽ എത്തുകയും പഞ്ചായത്തിൽ തന്നെ സൂക്ഷിക്കുകയും ചെയ്തു. 8-5-2000-ൽ നിർവ്വഹണോദ്യോഗസ്ഥ, ഈ സാമഗ്രികൾ വനിതാ സഹകരണ സംഘത്തിന് കൈമാറണമെന്ന് കാണിച്ച് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് കത്ത് നൽകി. എന്നാൽ വനിതാ സഹകരണ സംഘം രൂപീകരിച്ച് അംഗീകാരം കിട്ടിയത് 31-8-2000-ൽ മാത്രമാണ് (വനിതാ സഹകരണ സംഘം രജി. നമ്പർ ഇ-1028, സെക്രട്ടറി - സൗദാബീവി കെ.) 2013-ൽ നിർവ്വഹണോദ്യോഗസ്ഥയായ എൽ.വി.ഇ.ഒ. സ്ഥലം മാറിപ്പോവുകയും സാധന സാമഗ്രികൾ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതായി, തുടർന്നു വന്ന വി.ഇ.ഒ.യ്ക്ക് കൈമാറ്റ റിപ്പോർട്ട് നൽകുകയും ചെയ്തു. ഇതിനിടയിൽ സഹകരണ സംഘത്തിന് പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിൽ മുറി നൽകിയെങ്കിലും സംഘവുമായി കരാർ വയ്ക്കുകയോ, വാങ്ങിയ സാധനങ്ങൾ കൈമാറുകയോ ചെയ്തില്ല.

19. നിലവിൽ ഡബിൾ ഡോർ റഫ്രിജറേറ്റർ, സഹകരണ സംഘത്തിന് നൽകിയ ഷോപ്പിംഗ് കോംപ്ലക്സ് മുറിയിൽ (കുടുംബശ്രീ വക ഫോട്ടോസ്റ്റാറ്റ് കട) പ്രവർത്തന ശൂന്യമായിരിക്കുന്നു. ഡീപ് ഫ്രീസർ, വെയിംഗ് മെഷീൻ എന്നിവയും ഉപയോഗിക്കാതെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കുന്നുണ്ട്. 2000-ൽ വാങ്ങിയ ഡീപ് ഫ്രീസർ നാളിതുവരെ (5 വർഷം) പ്രവർത്തിപ്പിക്കാത്ത സാഹചര്യത്തിൽ പ്രവർത്തനയോഗ്യമല്ല. വെയിംഗ് മെഷീനും ഉപയോഗിക്കുന്നില്ല. ഡബിൾ ഡോർ റഫ്രിജറേറ്റർ അറ്റകുറ്റപ്പണി ചെയ്തെടുത്താൽ ഉപയോഗിക്കാവുന്നതാണ് എങ്കിലും അതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

20. വനിതാ സഹകരണ സംഘവുമായി നാളിതുവരെ കരാർ വയ്ക്കുകയോ സാധന സാമഗ്രികൾ കൈമാറുകയോ ചെയ്യാത്തതിനാലും വർഷങ്ങൾ കഴിഞ്ഞിട്ടും വില കൂടിയ ഇലക്ട്രിക്കൽ സാമഗ്രികൾ ഉപയോഗിക്കാതെ വച്ചിരിക്കുന്നതിനാലും ഇതിനുവേണ്ടി ചെലവഴിച്ച 63,365 രൂപ ലക്ഷ്യം കൈവരിക്കാതെ പാഴായിപ്പോയെന്ന ഓഡിറ്റ് പരാമർശം നിലനിർത്താവുന്നതാണ്.

നിഗമനങ്ങൾ/ശിപാർശകൾ

21. **വനിതാ ഫിഷ് മാർക്കറ്റിംഗ് സൊസൈറ്റി എന്ന പദ്ധതിയുടെ ഭാഗമായി കോൾഡ് സ്റ്റോറേജ് യൂണിറ്റ് വാങ്ങുവാനായി 2,00,000 രൂപ അടങ്കൽ ആയി 1997-98 കാലയളവിൽ അനുവദിക്കുകയും അതിൻപ്രകാരം ഡീപ് ഫ്രീസർ, ഡബിൾ ഡോർ 286 ലിറ്റർ റഫ്രിജറേറ്റർ എന്നിവ 49,375 രൂപയ്ക്കും, 1000 വി.എ., 500 വി.എ. വോൾട്ടേജ് സ്റ്റെബിലൈസറുകൾ 1,890 രൂപയ്ക്കും, അളവുകട്ടികൾ, കൗണ്ടർ സ്കെയിൽ, പോർട്ടബിൾ വെയിംഗ് മെഷീൻ പ്ലാറ്റ്ഫോം എന്നിവ 12,100 രൂപയ്ക്കും വാങ്ങി 30-3-2000-ൽ പഞ്ചായത്തിൽ എത്തിച്ചുവെങ്കിലും 31-8-2000-ൽ മാത്രമാണ് വനിതാ സഹകരണ സംഘം രൂപീകരിച്ചതെന്നും പ്രസ്തുത മെഷീനുകൾ സഹകരണ സംഘത്തിന് കൈമാറിയിട്ടില്ലെന്നും, നിലവിൽ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന പ്രസ്തുത ഇലക്ട്രിക്കൽ സാമഗ്രികളെല്ലാം വർഷങ്ങളായി ഉപയോഗിക്കാതെ വച്ചിരിക്കുന്നതിനാൽ ഇതിനായി ചെലവഴിച്ച 63,365 രൂപ പാഴ് ചെലവായതായും സമിതി മനസ്സിലാക്കുന്നു.**

22. **വനിതാ സഹകരണ സംഘം രൂപീകരിച്ചതിന് അംഗീകാരം കിട്ടാൻ താമസിച്ചതിനാലും സംഘവുമായി വ്യക്തമായ കരാറിൽ ഏർപ്പെടാതെയും പദ്ധതിയുമായി ബന്ധപ്പെട്ട് സാധനസാമഗ്രികൾ വാങ്ങിയതുമൂലം അത് ഉപയോഗയോഗ്യമാക്കാതെ പാഴ് ചെലവായി മാറിയത് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള അനാസ്ഥയായി സമിതി വിലയിരുത്തുന്നു. ആയതിനാൽ ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടുക തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യണമെന്നും, സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വിവരവിനിമയ സാങ്കേതിക സർവ്വേ ; പദ്ധതിലക്ഷ്യം കൈവരിച്ചില്ല**

(1999-2000 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3.9)

ജനങ്ങൾക്ക് ആവശ്യമായ സേവനം നൽകുന്നതിന് സർവ്വേ നടത്തി ആവശ്യമായ വിവരങ്ങൾ സമ്പാദിച്ച് കമ്പ്യൂട്ടറിൽ ശേഖരിക്കുന്നതിനുള്ള വിവരവിനിമയ സാങ്കേതിക സർവ്വേ പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിക്കാത്തതുമൂലം 2.38 ലക്ഷം പാഴായി.

3,17,000 രൂപ അടങ്കൽ ഉള്ള പദ്ധതിക്ക് 2,38,500 രൂപ കൺവീനർക്ക് നൽകിയിട്ടുണ്ട്. സർവ്വേ വിവരങ്ങൾ കമ്പ്യൂട്ടറിൽ ശേഖരിക്കുകയോ പ്രയോജനപ്പെടു ത്താവുന്ന മറ്റേതെങ്കിലും തരത്തിൽ പരിപാലിക്കുകയോ ചെയ്തിട്ടില്ല. പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. വരവുചെലവ് കണക്കുകൾ ഹാജരാക്കിയിട്ടുമില്ല. അതിനാൽ ചെലവഴിച്ച 2,38,500 രൂപ തടസ്സപ്പെടുത്തിയിട്ടുണ്ട്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹ്യത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.37(3)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.

23. പദ്ധതിക്കായി ചെലവഴിച്ച 2,38,500 രൂപ നിഷ്പ്രയോജനമായത് സംബന്ധിച്ച് സമിതി വിശദീകരണമാരാഞ്ഞതിന് പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങളിലെയും വ്യക്തികളുടെയും ഭൂമിയുടെയും മൃഗങ്ങളുടെയും വിവരശേഖരണത്തിനായി 1999-2000 വർഷത്തിൽ തയ്യാറാക്കിയ പദ്ധതിയായിരുന്നുവെന്നും 2,38,500 രൂപ വിവര ശേഖരണത്തിനായാണ് ചെലവഴിച്ചതെന്നും എന്നാൽ തുടർന്നുള്ള കമ്പ്യൂട്ടറൈസേഷൻ നടന്നിട്ടില്ലെന്നും അശമന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. നിർവ്വഹണോദ്യോഗസ്ഥനായിരുന്ന വി.ഇ.ഒ. ചെലവഴിച്ച തുകയുടെ വരവുചെലവ് രേഖകൾ പരിശോധനയ്ക്ക് തയ്യാറാക്കി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ അറിയിച്ചിട്ടുണ്ടെന്നും സമിതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ അതിന്മേൽ പ്രത്യേകിച്ച് മറുപടി നൽകിയിട്ടില്ലെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ഇൻ-ചാർജ് സമിതി മുമ്പാകെ ബോധിപ്പിച്ചു. വർഷങ്ങൾക്കുമുമ്പുള്ള വിവരങ്ങൾ ഇനി ഉപയോഗിക്കാൻ സാധിക്കില്ലെന്നും അതു കഴിഞ്ഞുള്ള വർഷങ്ങളിലെ പദ്ധതി ഫോർമുലേഷന് ഈ അടിസ്ഥാന വിവരങ്ങൾ ഉപയോഗിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ (ഇൻ-ചാർജ്) മറുപടി നൽകി. നിർവ്വഹണോദ്യോഗസ്ഥൻ തുക വിനിയോഗം ചെയ്ത രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സമിതി ആവശ്യപ്പെട്ടു.

പ്രസ്തുത ഓഡിറ്റ് ഖണ്ഡിക സംബന്ധിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

24. അശമന്നൂർ ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടേയും സ്ഥലങ്ങളുടേയും വിവരങ്ങൾ നിശ്ചിത ഫോർമാറ്റിൽ തയ്യാറാക്കിയത് പഞ്ചായത്തിന്റെയും പൊതുജന ങ്ങളുടെയും ആവശ്യങ്ങൾക്കായി ഇപ്പോഴും ഉപയോഗിച്ചുവരുന്നതാണ്. കമ്പ്യൂട്ടറൈസേഷൻ പ്രവൃത്തികൾ നടപ്പിലാക്കാതിരുന്നതുമൂലമാണ് 1999-2000 വർഷത്തെ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കാതിരുന്നത്. വസ്തുനികുതി പരിഷ്കരണത്തിനും പഞ്ചായത്തിന്റെ വികസനരേഖ തയ്യാറാക്കുന്നതിനും പദ്ധതികൾ രൂപീകരിക്കുന്നതിനും കുറ്റമറ്റ രീതിയിൽ പൊതുജനങ്ങൾക്ക് സേവനം നൽകുന്നതിനും ടി വിവരങ്ങൾ ഒട്ടേറെ സഹായകരമായിട്ടുണ്ട്. അതിനാൽ പരാമർശം ഒഴിവാക്കാവുന്നതാണ്.

പ്രസ്തുത സൂക്ഷ്മപരിശോധനാ റിപ്പോർട്ട് 8-5-2019 തീയതിയിലെ സമിതിയോഗം പരിഗണിക്കുകയും ചുവടെ ചേർത്തിരിക്കുന്ന പ്രകാരം നിർദ്ദേശിക്കുകയും ചെയ്തു:

25. ഓരോ പഞ്ചായത്തിനും വേണ്ടി വ്യത്യസ്ത സോഫ്റ്റ്‌വെയർ കമ്പനികൾ സോഫ്റ്റ്‌വെയർ ഉണ്ടാക്കിയെങ്കിലും നിലവിൽ കരകൃതമായി തന്നെയാണ് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതെന്നും പഞ്ചായത്തുകളിൽ കമ്പ്യൂട്ടർവൽക്കരണം ഇതുവരെ പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ലായെന്നും നിരീക്ഷിച്ച സമിതി സോഫ്റ്റ്‌വെയർ നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പഞ്ചായത്ത് തലത്തിൽ നിക്ഷേപിച്ചിട്ടുണ്ട് എന്ന റിപ്പോർട്ട് അടിയന്തരമായി സമിതിക്ക് നൽകണമെന്നും, പഞ്ചായത്തുതല സോഫ്റ്റ്‌വെയർ എന്നതിന് പകരം സംസ്ഥാനതല സോഫ്റ്റ്‌വെയർ എന്ന രീതിയിലേക്ക് മാറണമെന്നും സമിതി നിർദ്ദേശിച്ചു.

26. സംസ്ഥാനത്തെ പഞ്ചായത്തുകളിലെ കമ്പ്യൂട്ടർവൽക്കരണം സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി തദ്ദേശസ്വയംഭരണം, വിവരസാങ്കേതികം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരിൽ നിന്ന് തെളിവെടുക്കുന്നതിന് സമിതി തീരുമാനിച്ചു.

8-5-2019 തീയതിയിലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

27. സോഫ്റ്റ്‌വെയർ നിർമ്മാണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പഞ്ചായത്ത് തലത്തിൽ നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ ശേഖരിച്ചു വരികയാണ്. ജനകീയാസൂത്രണം ആരംഭിച്ച 1995 മുതൽ ഉള്ള വിശദാംശങ്ങൾ ശേഖരിക്കേണ്ടതിനാലും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണത്തിലെ ബാഹുല്യം പരിഗണിച്ചും, സമിതി ആരാഞ്ഞ അധിക വിവരം ശേഖരിച്ച് ക്രോഡീകരിച്ച് സമർപ്പിക്കുന്നതിലേക്ക് മൂന്നുമാസം കൂടി അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

## അശമന്നൂർ ഗ്രാമപഞ്ചായത്ത്

28. വിവര വിനിമയ സാങ്കേതിക സർവ്വേയും, ഇൻഫർമേഷൻ സ്ഥാപിക്കലും എന്ന പ്രോജക്ട് (പ്രോജക്ട് നമ്പർ 32/2000) 1999-2000, 2000-01 എന്നീ 2 ഘട്ടങ്ങളിലായി നടപ്പിലാക്കുന്നതിന് വിഭാവനം ചെയ്ത ഒരു പദ്ധതിയായിരുന്നു. ടി പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പഞ്ചായത്തിലെ ജനങ്ങൾ ഭൂമി, കെട്ടിടം, കൃഷി എന്നിവയുടെ വിവരശേഖരണം ആയിരുന്നു ഉദ്ദേശിച്ചിരുന്നത്. പദ്ധതി വിഹിതമായി 1,65,000 രൂപയും, മറ്റുള്ള ഇനത്തിൽ 1,02,000 രൂപയും സന്നദ്ധ പ്രവർത്തനം/ഗുണഭോക്തൃ വിഹിതം എന്നീ ഇനങ്ങളിൽ 50,000 രൂപയും അടക്കം ആകെ 3,17,000 രൂപ അടങ്കൽ തുക വരുന്ന രീതിയിലാണ് പദ്ധതിയ്ക്ക് ആസൂത്രണ സമിതി അംഗീകാരം നൽകിയിരുന്നത്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ വിഭാവനം ചെയ്തിരുന്ന പഞ്ചായത്തിന്റെ സമസ്ത മേഖലയും ഉൾപ്പെടുത്തിയുള്ള വിവര ശേഖരണം കാര്യക്ഷമമായി തന്നെ പൂർത്തിയാക്കിയിട്ടുള്ളതും ശേഖരിച്ച വിവരങ്ങൾ കൃത്യമായി പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളതുമാണ്. ഒന്നാം ഘട്ട അടങ്കൽ തുക 3,17,000 രൂപ ആയിരുന്നുവെങ്കിലും, 2,38,500 രൂപയ്ക്ക് സർവ്വേയും വിവരശേഖരണ നടപടികളും പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുള്ളതാണ്. നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റെൻഷൻ ആഫീസറിൽ നിന്നും ഫയൽ ലഭ്യമാക്കി നടത്തിയ പരിശോധനയിൽ ടി പദ്ധതിയുടെ കൺവീനർ ആയിരുന്ന ശ്രീ. കെ. വിജയകുമാർ 30-12-1999-ൽ 40,000 രൂപയും, 25-1-2000-ൽ 40,000 രൂപയും, 21-3-2000-ൽ 68,000 രൂപയും, 30-3-2000-ൽ 90,000 രൂപയും അടക്കം ആകെ 2,38,620 രൂപ കൈപ്പറ്റിയ കൈപ്പറ്റ് രസീത് സൂക്ഷിച്ചിട്ടുണ്ട്. ടി തുകയിൽ 57,598 രൂപയുടെ വൗച്ചറുകൾ ഫയലിൽ ലഭ്യമാണ്. എന്നാൽ എന്യൂമറേറ്റേഴ്സിനും, നോൺ ഫീൽഡ് എന്യൂമറേറ്റേഴ്സിനും നൽകിയ 1,78,640 രൂപയുടെയും, എന്യൂമറേറ്റേഴ്സിനുള്ള പരിശീലനം, ബസ് ഫെയറിനത്തിൽ നൽകിയ 2,410 രൂപയുടെയും വൗച്ചറുകൾ ഫയലിൽ കണ്ടെത്തുവാൻ സാധിച്ചിട്ടില്ല.

29. സർവ്വേ നടത്തി ശേഖരിച്ച വിവരങ്ങൾ പഞ്ചായത്തിലെ ജനങ്ങൾക്കും, പിന്നീട് ആഫീസിൽ നടന്ന കമ്പ്യൂട്ടർവത്ക്കരണ പ്രവർത്തനങ്ങൾക്കും ഉപകാരപ്രദമായിരുന്നു. വസ്തു നികുതി പരിഷ്കരണങ്ങൾക്കും, പഞ്ചായത്തിന്റെ വികസന രേഖ തയ്യാറാക്കുന്നതിനും, പദ്ധതികൾ രൂപീകരിക്കുന്നതിനും കുറ്റമറ്റ രീതിയിൽ

പൊതുജനങ്ങൾക്ക് സേവനങ്ങൾ നൽകുന്നതിനും ടി വിവരങ്ങൾ സഹായകരമായിട്ടുണ്ട്. ജില്ലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസിൽ നിന്നുള്ള 9-10-2014 തീയതിയിലെ PA3-12869/2014 നമ്പർ കത്ത് പ്രകാരം ഖണ്ഡിക 2.37 പരാമർശ പ്രകാരമുള്ള ചെലവ് രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ കൊണ്ട് പരിശോധിപ്പിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ് എന്ന നിർദ്ദേശം അനുസരിച്ച് 8-10-2014 തീയതിയിൽ സി-4777/14 നമ്പർ കത്ത് പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, എറണാകുളം ജില്ല ഡെപ്യൂട്ടി ഡയറക്ടറോട് വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിന് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ നാളിതുവരെ പരിശോധന നടത്തിയിട്ടില്ല എന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

30. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സർവ്വേ നടത്തി ശേഖരിച്ചിട്ടുള്ള വിവരങ്ങൾ കമ്പ്യൂട്ടറിലേയ്ക്ക് ഡാറ്റാ എൻട്രി ചെയ്യുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ പദ്ധതി നിർവ്വഹണ കാലയളവിൽ ഗ്രാമപഞ്ചായത്തുകളിൽ കമ്പ്യൂട്ടർ വാങ്ങുന്നതിന് വകുപ്പ് തലത്തിൽ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിലാണ് ശേഖരിച്ച വിവരങ്ങൾ കമ്പ്യൂട്ടറിൽ പകർത്തി സൂക്ഷിക്കുവാൻ സാധിക്കാതെ വന്നിട്ടുള്ളത്. എന്നിരുന്നാലും ശേഖരിച്ച വിവരങ്ങൾ പഞ്ചായത്തിന്റെ വികസന, സേവന, പദ്ധതി രൂപീകരണം, 2008, 2013 എന്നീ വർഷങ്ങളിലെ കെട്ടിട നമ്പറിംഗ്/നികുതി പരിഷ്കരണ പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട് എന്ന വസ്തുത പരിഗണിച്ചും, ചെലവ് പരിശോധന നടത്തിയും ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

9-10-2019-ലെ യോഗത്തിൽ സമിതി ചുവടെ ചേർത്തിരിക്കുന്ന പ്രകാരം നിർദ്ദേശിക്കുകയുണ്ടായി:

31. വിവരവിനിമയ സാങ്കേതിക സർവ്വേ; പദ്ധതി ലക്ഷ്യം കൈവരിച്ചില്ല എന്ന പരാമർശം സംബന്ധിച്ച് പഠനം നടത്തി വിവരങ്ങൾ ക്രോഡീകരിച്ച് 3 മാസത്തിനകം വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ച സമിതി ഐ.കെ.എം. അല്ലാതെ മറ്റൊരു ഏജൻസിക്ക് കൂടി സർക്കാർ അനുമതി നൽകിയിട്ടുണ്ടെന്നാണ് സമിതി മനസ്സിലാക്കുന്നതെന്നും 9-10-2019-ലെ തെളിവെടുപ്പ് യോഗത്തിൽ വിവരസാങ്കേതിക വിദ്യാവകുപ്പിൽ നിന്നും ഐ.കെ.എം.-ൽ നിന്നും ഉദ്യോഗസ്ഥർ ഹാജരാകാത്തത് സമിതിയോടുള്ള അനാദരവാണെന്ന് വിലയിരുത്തിയ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും തെളിവെടുപ്പിന് ഹാജരാകാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെടാനും സമിതി നിർദ്ദേശിച്ചു.

32. 8-5-2019-ലെ സമിതി യോഗം ആവശ്യപ്പെട്ട സോഫ്റ്റ്‌വെയർ നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പഞ്ചായത്ത് തലത്തിൽ നിക്ഷേപിച്ചിട്ടുണ്ട് എന്ന അധികവിവരത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി(2019-2021)യുടെ 8-5-2019-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരത്തിന് 15-2-2020-ലെ ത.സ്വ.ഭ.വ. എബി2/87/2019-ത.സ്വ.ഭ.വ. കത്ത് പ്രകാരം സർക്കാർ ലഭ്യമാക്കിയ മറുപടി.

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്/ സമിതി റിപ്പോർട്ട് വർഷം | ഖണ്ഡിക | സമിതി ആവശ്യപ്പെട്ട അധികവിവരം | സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | സോഫ്റ്റ് വെയർ നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പഞ്ചായത്ത് തല ത്തിൽ നിക്ഷേപിച്ചിട്ടുണ്ട് | സോഫ്റ്റ്‌വെയർ നിർമ്മാണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പഞ്ചായത്ത് തല ത്തിൽ 6,25,33,193 രൂപ നിക്ഷേപിച്ചിട്ടുണ്ട്. അതിൽ ലക്ഷ്യം നേടിയ പദ്ധതികൾക്കായി ചെലവഴിച്ച തുക 5,99,84,693 രൂപയും പൂർണ്ണമായോ ഭാഗികമായോ ലക്ഷ്യം നേടാത്ത പദ്ധതികൾക്കായി ചെലവഴിച്ച തുക 25,48,500 രൂപയും ആണ്. വിശദാംശങ്ങൾ ഇതോടൊപ്പമുള്ള പ്രൊഫോർമയിൽ ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം III) |

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

33. **1999-2000 കാലഘട്ടത്തിൽ അശമന്നൂർ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്കാവശ്യമായ സേവനങ്ങൾ നൽകുന്നതിനാവശ്യമായ വിവരങ്ങൾ സർവ്വേ നടത്തി കമ്പ്യൂട്ടറിൽ ശേഖരിക്കുന്നതിനുള്ള പദ്ധതി, കമ്പ്യൂട്ടറൈസേഷൻ പ്രവൃത്തികൾ നടപ്പാക്കാതിരുന്നത് മൂലമാണ് പ്രസ്തുത കാലയളവിൽ പൂർത്തീകരിക്കാതിരുന്നതെന്നും എന്നാൽ നിശ്ചിത ഫോർമാറ്റിൽ തയ്യാറാക്കിയ വിവരങ്ങൾ പഞ്ചായത്തിന്റെയും പൊതുജനങ്ങളുടെയും ആവശ്യങ്ങൾക്കായി നിലവിലും പ്രയോജനപ്പെടുത്തുന്നുണ്ടെന്നും എന്നാൽ പഞ്ചായത്തുകളിൽ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരണം നടന്നിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു.**

34. പഞ്ചായത്തുതല സോഫ്റ്റ്വെയർ എന്നതിനുപകരം സംസ്ഥാനതല സോഫ്റ്റ്വെയർ എന്ന രീതിയിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കണമെന്നും വിവരവിനിമയ സാങ്കേതിക സർവ്വേ സംബന്ധിച്ച് വിവരങ്ങൾ ക്രോഡീകരിച്ച് 3 മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ രേഖകളുടെ അഭാവത്തിൽ 19.40 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു**

(1999-2000 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 2-10)

ഗ്രാമപഞ്ചായത്ത് സെക്രട്ടറി, കൃഷി ഓഫീസർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി ആരംഭിച്ച നാല് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കുമായി 19,40,863 രൂപ ചെലവഴിച്ചെങ്കിലും പദ്ധതി രേഖകൾ, അളവുപുസ്തകങ്ങൾ, ഫൈനൽ ബില്ലുകൾ എന്നിവയുടെ അഭാവത്തിൽ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വിലയിരുത്താൻ കഴിയാത്ത അവസ്ഥയിൽ 19,40,863 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 2.37(4)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.

35. ഓഡിറ്റ് തടസ്സത്തിന്മേൽ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിക്കണമെന്നാവശ്യപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് കത്തയച്ചതു സംബന്ധിച്ചും ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിന് വീഴ്ച വരുത്തുന്നതുസംബന്ധിച്ചും ഓഡിറ്റിനോട് സമിതി വിശദീകരണം ആവശ്യപ്പെട്ടതിന്, ഓഡിറ്റ് രേഖകൾ ലഭിക്കുകയും പരിശോധിക്കുകയും ചെയ്തിട്ടുണ്ടെന്നും ഇപ്പോൾ ഏകദേശം നാളതീകരിച്ചിട്ടുണ്ടെന്നും ഡയറക്ടർ ഇൻ-ചാർജ് മറുപടി നൽകി. നാല് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ടെന്നും നാലും പ്രവർത്തനക്ഷമമാണെന്നും രേഖകളുണ്ടെന്നുമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെയും പഞ്ചായത്ത് ഡയറക്ടർ പരിശോധിച്ചിട്ടുണ്ടെന്നുമുള്ള മറുപടിയുടെയും അടിസ്ഥാനത്തിൽ രേഖകൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സംസ്ഥാന ഓഡിറ്റ് വകുപ്പിനോട് സമിതി ആവശ്യപ്പെട്ടു.

പ്രസ്തുത ഓഡിറ്റ് ഖണ്ഡിക സംബന്ധിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

36. പരാമർശ പ്രകാരമുള്ള 4 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും പൂർത്തീകരിച്ച് പ്രവർത്തനം നടത്തി വരുന്നതാണ്.

37. അശമന്നൂർ കഴവേറ്റ് മോളം, അശമന്നൂർ ജലസേചന പദ്ധതി എന്നീ പദ്ധതികൾ ഒന്നായിട്ടാണ് നടപ്പിലാക്കിയത്. ഈ പദ്ധതിയുടെ ബിൽ തുകയായ 4,54,422 രൂപയിൽ 4,32,262 രൂപ പല ഗഡുക്കളായി കൺവീനർക്ക് നൽകിയിട്ടുണ്ട്. പദ്ധതി പൂർണ്ണമായി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തത് 26-8-2010-ലാണ്.

38. പൂമല ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, പൂമല സി.സി.ഡി.പി. സ്കീം എന്നീ ജലസേചന പദ്ധതികൾ ഒന്നായിട്ടാണ് നടപ്പിലാക്കിയത്. ഈ പ്രവൃത്തികൾക്ക് 3,20,486 രൂപയുടെ ഫൈനൽ ബിൽ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി തുക കൺവീനർക്ക് നൽകിയിട്ടുണ്ട്. പരാമർശ പ്രകാരമുള്ള 4 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും പൂർത്തീകരിച്ച് പ്രവർത്തനം നടത്തിവരുന്നതാണ്. ആയതിനാൽ പരാമർശം ഒഴിവാക്കാവുന്നതാണ്.

8-5-2019 തീയതിയിലെ യോഗത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധിക വിവരം സമിതി അംഗീകരിച്ചു.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

39. **അശമന്നൂർ ഗ്രാമപഞ്ചായത്തിലെ 4 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും പൂർത്തീകരിച്ച് പ്രവർത്തനം നടന്നുവരികയാണെന്ന ഓഡിറ്റ് വകുപ്പിന്റെ വിശദീകരണത്തിന്മേൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത്

**കിടങ്ങയം ഒ.ഇ.എൻ. റോഡ് പദ്ധതി; 21,243 രൂപയുടെ നഷ്ടം**

(2002-2003 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3.5)

1999-2000 വർഷത്തെ പദ്ധതിയിൽപ്പെടുത്തിയ 2,29,000 രൂപയുടെ അനുമതി ലഭിച്ച റോഡ് പണിക്ക് 31,461 രൂപ കൺവീനർക്ക് നൽകിയെങ്കിലും 10,218 രൂപയുടെ പണികളാണ് നടത്തിയിട്ടുള്ളത്. കൈപ്പറ്റിയ 31,461 രൂപയിൽ ചെയ്ത പണിയുടെ മൂല്യമായ 10,218 രൂപ കഴിച്ച് ബാക്കി 21,243 രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്. പദ്ധതി ഉദ്ദേശ്യം നടന്നിട്ടുമില്ല. പിഴപ്പലിശ സഹിതം കൺവീനറിൽനിന്നും ഈടാക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.38(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.

40. പ്രസ്തുത പദ്ധതിയ്ക്ക് 31,461 രൂപ കൺവീനർക്ക് നൽകിയതിൽ 10,218 രൂപയുടെ പണി മാത്രമാണ് നടത്തിയതെന്നും പണിപൂർത്തിയാക്കാത്ത സാഹചര്യമെന്താണെന്നും സമിതി ആരാഞ്ഞതിന് ആർ.ആർ. നടപടിക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ഓഡിറ്റ് നടന്ന കാലയളവിൽ തന്നെ കൺവീനർക്കെതിരെ നടപടി സ്വീകരിച്ചെങ്കിലും തുക ഈടാക്കാൻ സാധിച്ചിട്ടില്ലെന്നും ഈ കേസ് വിജിലൻസ് അന്വേഷിച്ച ശേഷമാണ് ആർ.ആർ. നോട്ടീസ് നൽകിയതെന്നും കേസ് ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കയാണെന്നും അതിന് ശേഷം കൗണ്ടർ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നൽകി. ഊർജ്ജിതമായി കേസ് നടത്തുവാനും കേസ്സിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് നൽകുവാനും സമിതി നിർദ്ദേശിച്ചതിന് അപ്രകാരം ചെയ്യാമെന്ന് സെക്രട്ടറി ഉറപ്പുനൽകി.

സമിതിയുടെ നിർദ്ദേശാനുസരണം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

41. ഈ പരാമർശം ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന്റെ 2000-01 ലോക്കൽ ഫണ്ട് ഓഡിറ്റിലും 2002-03 സമാഹൃത റിപ്പോർട്ടിലെ ഭാഗമായും ഉൾപ്പെട്ടിട്ടുള്ളതാണ്. ഇതിന്മേൽ വിജിലൻസ് അന്വേഷണം ആവശ്യമാണെന്ന് 2000-01 ലോക്കൽ ഫണ്ട് ഓഡിറ്റിൽ നിർദ്ദേശിച്ചിരുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് പരാമർശം അനുസരിച്ച് ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് വികസന സമിതി സംഘാടകൻ ശ്രീ. ജോസഫ് തോമസ്, രശ്മി, കുരീക്കോട്, തിരുവാങ്കുളം (പി.ഒ.) എന്നയാൾക്ക് 1999-2000-ൽ 15 ജനകീയാസൂത്രണ പദ്ധതി പ്രവൃത്തികളിലായി 20,76,862 രൂപയുടെ ബാദ്ധ്യത ഉണ്ടായിരുന്നു. എന്നാൽ വിജിലൻസ് ഡയറക്ടറുടെ ഉത്തരവനുസരിച്ച് ശ്രീ. ജോസഫ് തോമസിന് 2,14,673 രൂപയുടെ ബാദ്ധ്യതയാണ് കാണിച്ചിരിക്കുന്നത്. 15-2-2003-ലെ ഡി2-3987/13 നമ്പർ കത്ത് പ്രകാരം വിജിലൻസ് റിപ്പോർട്ട് പ്രകാരമുള്ള തുക ഈടാക്കുന്നതിന് ബഹു. പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശിച്ചു. ആയതിൻപ്രകാരം തുക അടയ്ക്കണമെന്ന് നിർദ്ദേശിച്ച് ശ്രീ. ജോസഫ് തോമസിന് 25-4-2013-ൽ പഞ്ചായത്തിൽ നിന്ന് കത്ത് നൽകിയെങ്കിലും ടിയാൻ തുക അടയ്ക്കുവാൻ തയ്യാറായില്ല. മേൽ സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് തുക ഈടാക്കുന്നതിന് ബഹു. ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചു. (ആർ.ആർ/2013/5926/7) (7-4-2012 മുതൽ 15% പലിശ ചേർത്ത് ആകെ 3,03,395 രൂപയ്ക്കായിരുന്നു ആർ.ആർ. നടപടി)

ബഹു. ജില്ലാ കളക്ടറുടെ ബി11-496446/13 നമ്പർ ഉത്തരവ് പ്രകാരം റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് കണയന്നൂർ തഹസിൽദാർ റവന്യൂ റിക്കവറിക്ക് നൽകിയിട്ടുള്ളതാണ്. എന്നാൽ ശ്രീ. ജോസഫ് തോമസ് ബഹു. ഹൈക്കോടതിയിൽ നിന്നും 11-11-2013-ലെ ഡബ്ല്യൂ.പി. (സി) 27704/2013/കെ. നമ്പർ സ്റ്റേ ഓർഡർ വാങ്ങി. വീണ്ടും 10-6-2014-ൽ ഡബ്ല്യൂ.പി.(സി)27704/2013/കെ. നമ്പർ പ്രകാരം ഇനിയൊരുത്തരവ് ഉണ്ടാകുന്നതുവരെ സ്റ്റേ തുടരുന്ന എന്ന ഉത്തരവും വാങ്ങിയിരിക്കുകയാണ്. ശ്രീ. ജോസഫ് തോമസ് ബഹു. ഹൈക്കോടതിയിൽ നിന്നും സമ്പാദിച്ച സ്റ്റേ ഓർഡറിനെതിരെ പഞ്ചായത്ത് ഡബ്ല്യൂ.പി. (സി) 27704/2013/കെ. തീയതി 14-8-2014 പ്രകാരം കൗണ്ടർ ചെയ്തിട്ടുണ്ട്. എന്നാൽ കേസ് ഇതുവരെ ഹിയിറിംഗിന് പോസ്റ്റ് ചെയ്തിട്ടില്ലാത്തതാണ്.

സർക്കാർ മറുപടിയിന്മേലുള്ള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

42. ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലെ കിടങ്ങയം ഒ.ഇ.എൻ. റോഡ് പദ്ധതി ഉൾപ്പെടെ 15 ജനകീയാസൂത്രണ പദ്ധതികൾക്കായി ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് വികസന സമിതി സംഘാടകൻ എന്ന നിലയിൽ ശ്രീ. ജോസഫ് തോമസ് എന്നയാൾക്ക് 1999-2000 വർഷം നൽകിയിരുന്ന തുകയിൽ 20,76,862 രൂപ ബാദ്ധ്യത ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്നു. വിജിലൻസ് അന്വേഷണത്തിനുശേഷം, വിജിലൻസ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം 2,44,673 രൂപയുടെ ബാദ്ധ്യത നിർണ്ണയിക്കുകയും 7-4-2012-ൽ 18% പലിശ സഹിതം 3,03,395 രൂപയ്ക്ക് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് പഞ്ചായത്ത് അപേക്ഷ നൽകിയിരുന്നു.

43. എന്നാൽ ശ്രീ. ജോസഫ് തോമസ് ബഹു. കേരള ഹൈക്കോടതിയിൽ നിന്ന് 11-11-2013-ൽ ഡബ്ല്യൂ.പി. (സി)27704/2013/കെ. നമ്പർ ഉത്തരവ് പ്രകാരം റവന്യൂ റിക്കവറി നടപടികൾ തടഞ്ഞു കൊണ്ട് കോടതി ഉത്തരവ് നേടി. 14-8-2014-ൽ ഗ്രാമപഞ്ചായത്ത് എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. ഇതുവരെ കേസ് തീർപ്പായിട്ടില്ല.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

44. **ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലെ കിടങ്ങയം ഒ.ഇ.എൻ. റോഡ് ഉൾപ്പെടെയുള്ള 15 ജനകീയാസൂത്രണ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് 1999-2000 കാലയളവിൽ ഗ്രാമപഞ്ചായത്ത് വികസന സമിതി സംഘാടകന് ഓഡിറ്റ് റിപ്പോർട്ടുപ്രകാരം 20,76,862 രൂപ ബാദ്ധ്യതയുണ്ടായതിന്, വിജിലൻസ്**

**അന്വേഷണത്തിന് ശേഷം വിജിലൻസ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം പ്രസ്തുത തുക 2,44,673 രൂപയായി നിർണ്ണയിച്ചതായും 7-4-2012-ൽ 18% പലിശ സഹിതം 3,03,395 രൂപയ്ക്ക് ആർ.ആർ. നടപടി സ്വീകരിക്കുന്നതിനായി പഞ്ചായത്ത് ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിരുന്നെങ്കിലും ആർ.ആർ. നടപടി തടഞ്ഞുകൊണ്ട് വികസന സമിതി സംഘാടകൻ കോടതി ഉത്തരവ് നേടിയിട്ടുള്ളതായും, ഇതിനെതിരെ പഞ്ചായത്ത് കൗണ്ടർ ഫയൽ ചെയ്തതായും എന്നാൽ കേസ് നാളിതുവരെ തീർപ്പാക്കിയിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു.**

45. **കേസ് അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നടപടി പഞ്ചായത്ത് സ്വീകരിക്കണമെന്നും കോടതി വിധി പ്രകാരമുള്ള തുടർ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

രായമംഗലം ഗ്രാമപഞ്ചായത്ത്

**കാലവർഷക്കെടുതി ഷട്ടർ നിർമ്മാണത്തിൽ അധികച്ചെലവ്**

[2003-2004 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3(7)]

കാലവർഷക്കെടുതിയിൽ തകർന്ന ഷട്ടർ പുനർനിർമ്മിക്കുന്നതിന് വെള്ളം അടിച്ചുവറ്റിയ്ക്കുന്നതിന് തുക ഉൾക്കൊള്ളിക്കാതെ തന്നെ ദിനംപ്രതി 399 രൂപ ക്രമത്തിൽ 45 ദിവസത്തേക്ക് 17,955 രൂപ അനുബന്ധരേഖകളൊന്നും തന്നെയില്ലാതെ ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.39(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.

46. കാലവർഷക്കെടുതിയിൽ തകർന്ന ഷട്ടർ പുനർനിർമ്മാണത്തിന് വെള്ളം വറ്റിക്കുന്നതിനായി എസ്റ്റിമേറ്റിൽ കൊള്ളിക്കാതെ 17,955 രൂപ ചെലവാക്കിയത് സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് മോട്ടോർ ഉപയോഗിച്ച് വെള്ളം വറ്റിക്കേണ്ട സാഹചര്യമുണ്ടായിരുന്നുവെന്നും എസ്റ്റിമേറ്റ് എടുത്ത വേളയിൽ വെള്ളം വറ്റിക്കുന്ന സംവിധാനം ഇല്ലായിരുന്നുവെന്നും അതുകൊണ്ടാണ് തുക അധികം ചെലവായതെന്നും അസിസ്റ്റന്റ് എഞ്ചിനീയർ നടത്തിയ പ്രവൃത്തി പഞ്ചായത്ത് കമ്മിറ്റിക്ക് ബോദ്ധ്യമായിട്ടുണ്ടെന്നുമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സമിതി ഈ കേസ് സ്വാഭാവിക സംഭവമാണെന്ന നിഗമനത്തിലെത്തിച്ചേർന്ന് തടസ്സം ഒഴിവാക്കാൻ ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

47. **കാലവർഷക്കെടുതിയിൽ തകർന്ന ഷട്ടർ പുനർനിർമ്മാണത്തിന് എസ്റ്റിമേറ്റെടുത്ത അവസരത്തിൽ വെള്ളം വറ്റിക്കുന്നതിന് തുക വകയിരുത്തി യിട്ടുണ്ടായിരുന്നില്ല എന്നും എന്നാൽ പിന്നീട് മോട്ടോർ ഉപയോഗിച്ച് വെള്ളം വറ്റിക്കേണ്ട സാഹചര്യം ഉണ്ടായതിനാലാണ് അധിക തുക ചെലവായതെന്നും സമിതി അനുമാനിക്കുന്നു. ആയതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തെരുവ് വിളക്ക് ട്യൂബ് ലൈറ്റ് സപ്ലൈ കുറഞ്ഞ ക്വട്ടേഷൻ സ്വീകരിക്കാതിരുന്നതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം 10,140 രൂപ**

(2003-2004 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3(10))

ട്യൂബ് ലൈറ്റിന്റെ കുറഞ്ഞ ക്വട്ടേഷൻ സ്വീകരിക്കാതിരുന്നതിനാൽ പഞ്ചായത്ത് ഫണ്ടിന് 10,140 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.39(2)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.

48. കുറഞ്ഞ ക്വട്ടേഷൻ സ്വീകരിക്കാത്തതിന്റെ സാംഗത്യം സംബന്ധിച്ചുള്ള സമിതിയുടെ ചോദ്യത്തിന്, ആദ്യ വർഷം വാങ്ങിയ സാധനങ്ങൾക്ക് ഗുണനിലവാരം കുറവായതുകൊണ്ടാണ് ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ സ്വീകരിക്കാതിരുന്നതെന്നും രണ്ടാമത് വാങ്ങിയതിനുള്ള സാധൂകരണത്തിന് സർക്കാരിലേക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്നും രായമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. മേഘ എന്ന കമ്പനിക്കാർ മുൻവർഷം കുറഞ്ഞ തുകയ്ക്ക് ക്വട്ടേഷൻ ലഭ്യമാക്കിയതിൻ പ്രകാരം വാങ്ങിയ സാധനങ്ങൾ കേടാവുകയും ആയത് മാറ്റിനൽകാൻ തയ്യാറാകാതെയും വന്നതിന്റെ അടിസ്ഥാനത്തിലാണ് തുടർന്ന് അവർ നൽകിയ ക്വട്ടേഷൻ അവഗണിച്ച് രണ്ടാമത്തെ ക്വട്ടേഷൻ സ്വീകരിച്ചതെന്നും സമിതിയുടെ പരിഗണനയിൽ ഉള്ള വിഷയ മായതിനാലാണ് സാധൂകരണത്തിനുള്ള അപേക്ഷയിന്മേൽ തീരുമാനമെടുക്കാത്തതെന്നും പഞ്ചായത്ത് ഡയറക്ടർ (ഇൻ-ചാർജ്) വിശദീകരിച്ചു. സർക്കാർ ഈ വിഷയത്തിൽ തീരുമാനമെടുത്ത് റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിക്കുന്നു.

പ്രസ്തുത ഓഡിറ്റ് ഖണ്ഡിക സംബന്ധിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധന റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

49. തെരുവ് വിളക്ക് ട്യൂബ് ലൈറ്റ് സപ്ലൈയ്ക്കായി ക്വട്ടേഷൻ സമർപ്പിച്ചിരുന്ന M/s. മേഘ ട്രേഡിംഗ് കമ്പനി മുൻപ് രായമംഗലം ഗ്രാമപഞ്ചായത്തിലും സമീപ പഞ്ചായത്തിലും കുറഞ്ഞ നിരക്കിൽ ക്വട്ടേഷൻ അംഗീകരിച്ചതനുസരിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുകയുണ്ടായി. എന്നാൽ ഇവ ഒരാഴ്ച പോലും കത്തുകയോ, ആയവ മാറ്റി വയ്ക്കാൻ കമ്പനി തയ്യാറാവുകയോ ചെയ്തിരുന്നില്ല. പഞ്ചായത്ത് കമ്മിറ്റി ഒന്നടങ്കം അന്വേഷണം നടത്തിയതിൽ മേന്മ കുറഞ്ഞ സാധനങ്ങൾ മാത്രമാണ് M/S മേഘ ട്രേഡിംഗ് കമ്പനി സപ്ലൈ ചെയ്തുവരുന്നതെന്നും വീണ്ടും ഇവരുമായി കരാറിലേർപ്പെട്ടാൽ അത് പഞ്ചായത്ത് മുതൽ ദുരുപയോഗം ചെയ്യുന്നതിന് തുല്യമായിരിക്കും എന്നും ബോദ്ധ്യപ്പെട്ടതിനാലാണ് വിശ്വാസ യോഗ്യമായ M/S പോപ്പുലർ ട്രേഡിംഗ് കമ്പനി, മുടിയ്ക്കൽ (തൊട്ടടുത്ത കുറഞ്ഞ തുക ക്വോട്ട് ചെയ്ത കമ്പനി) കമ്പനിയുടെ സാധനങ്ങൾ വാങ്ങിയത്. പരാമർശം ഒഴിവാക്കി നൽകുന്നതിനായി പഞ്ചായത്ത് കമ്മിറ്റിയുടെ 18-5-2005-ലെ 10-ാം നമ്പർ തീരുമാനപ്രകാരം സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നതും 31-1-2009-ലെ 80591/എബി-3/2008/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം മേൽ വിഷയം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടുള്ളതുമാണ്. ആയതിനാൽ ഈ വിഷയത്തിൽ തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

8-5-2019 തീയതിയിലെ യോഗത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധിക വിവരം സമിതി അംഗീകരിച്ചു.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

50. **രായമംഗലം ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്ക് ട്യൂബ് ലൈറ്റ് സപ്ലൈക്കായി ക്വട്ടേഷൻ സമർപ്പിച്ച M/s. മേഘ ട്രേഡിംഗ് കമ്പനിയിൽ നിന്നും മുൻപ് വാങ്ങിയ തെരുവ് വിളക്കുകൾ ഒരാഴ്ചപോലും ഉപയോഗപ്രദമായിരുന്നില്ല എന്ന കാരണത്താലാണ് രണ്ടാമത്തെ കുറഞ്ഞ തുക ക്വാട്ട് ചെയ്ത M/s പോപ്പുലർ ട്രേഡിംഗ് കമ്പനി മുടിയ്ക്കൽ എന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങിയതെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയിൽ നിന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

## കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്

### **പണിപൂർത്തിയാക്കാതെ പദ്ധതികൾ ഉപേക്ഷിച്ചു; 1.06 ലക്ഷം രൂപ പാഴായി**

[2000-2001 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3(11)]

പണി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പദ്ധതികൾക്കുവേണ്ടി ചെലവഴിച്ച 1,06,165 രൂപ പാഴാക്കി.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 2.40(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.

51. പ്രസ്തുത ഓഡിറ്റ് തടസ്സത്തിന്മേൽ മറുപടി ബോധിപ്പിക്കാൻ സമിതി ആവശ്യപ്പെട്ടതിന്, പുളിയാനിക്കൽ കിണർ നിർമ്മാണം, വാഴക്കാലക്കണ്ടം കാവക്കാട് റോഡ് ടാറിംഗ് എന്നിവ പണിപൂർത്തീകരിച്ച് ഓഡിറ്റ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു. ആയതിൽ കാനം കോളനി റോഡ് സൈഡ് നിർമ്മാണവുമായി ബന്ധപ്പെട്ട ജോലിയിൽ നഷ്ടം വന്ന തുക തിരിച്ചീടാക്കാൻ കൺവീനർക്ക് സാധിച്ചിട്ടില്ലെന്നും, ആർ.ആർ. നടപടിക്ക് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയെങ്കിലും പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന ടിയാന് മറ്റ് വരുമാന മാർഗ്ഗമൊന്നുമില്ലെന്ന് കളക്ടർ അറിയിച്ചതായി സെക്രട്ടറി സമിതിയെ ബോദ്ധ്യപ്പെടുത്തിയ സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു. നാല് പ്രവൃത്തികളിൽ മണിയന്ത്രം കോളനി കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് കൺവീനർക്ക് ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കി കൈപ്പറ്റിയ തുകയിൽ നിന്ന് ടി തുക കിഴിച്ച് ബാക്കി തുക തിരിച്ചുപിടിക്കാൻ നടപടി സ്വീകരിച്ചെങ്കിലും തുക അടവാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത തുക ഈടാക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

52. മണിയന്ത്രം കോളനി കുടിവെള്ള പദ്ധതി എന്ന വേലയുടെ കൺവീനറായ ശ്രീ. ടി. എ. ജോസ് തട്ടുപറമ്പിൽ, മണിയന്ത്രം, കല്ലൂർക്കാട് (പി. ഒ.) എന്നയാൾക്ക് 27,300 രൂപ അടക്കുവാൻ കത്ത് നൽകിയെങ്കിലും തുക അടയ്ക്കാത്തതിനാൽ റവന്യൂ

റിക്കവറി നടപടി സ്വീകരിച്ച് തുക ഈടാക്കുന്നതിന് ബഹു. ജില്ലാ കളക്ടർക്ക് സി.1-950/2007 തീയതി 28-7-2008 ആയി കത്ത് നൽകുകയും ചെയ്തു. തുടർന്ന് ബഹു. ജില്ലാ കളക്ടർ ടിയാന് 19-9-2008-ൽ റവന്യൂ റിക്കവറി നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ റവന്യൂ റിക്കവറി നടപടിക്കെതിരെ എറണാകുളം ജില്ലാ കളക്ടറേറ്റിൽ അപ്പീൽ നൽകിയെങ്കിലും ടി അപേക്ഷ തള്ളുകയും റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുവാൻ ബഹു. ജില്ലാ കളക്ടർ, മൂവാറ്റുപുഴ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിരുന്നതുമാണ്. ഈ സാഹചര്യത്തിൽ ശ്രീ. ടി. എ. ജോസ് പഞ്ചായത്ത് ഭരണ സമിതി മുമ്പാകെ ടിയാൻ ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കി താൻ കൈപ്പറ്റിയ തുകയിൽ നിന്നും ചെയ്ത പ്രവൃത്തിക്ക് വന്ന ചെലവ് തുക കുറവ് ചെയ്ത ശേഷം ബാക്കി തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അപേക്ഷിച്ചു. ഭരണ സമിതി ഈ അപേക്ഷ പരിഗണിച്ച് പ്രവൃത്തി ചെയ്തതിന്റെ അളവും മൂല്യവും കണക്കാക്കി വ്യത്യാസം വരുന്ന തുക ടിയാനിൽ നിന്നും ഈടാക്കുന്നതിന് റവന്യൂ അധികാരികളോട് അഭ്യർത്ഥിച്ചുകൊണ്ട് 11-8-2009-ലെ 10(4) ആയി തീരുമാനമെടുത്തു. ആയതിന്റെ അടിസ്ഥാനത്തിൽ റവന്യൂ റിക്കവറി നോട്ടീസ് തിരികെ നൽകി. പിന്നീട് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ, ചെയ്ത വേല സംബന്ധിച്ച് റിപ്പോർട്ട് നൽകിയെങ്കിലും വാല്യൂവേഷൻ നൽകിയിട്ടില്ല. എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം വാല്യൂവേഷൻ തയ്യാറാക്കി വാങ്ങി. അധിക തുക കൺവീനർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ടി തുക ടിയാനിൽ നിന്നും ഈടാക്കുന്നതിന് കത്തയച്ചു. അതിന് മറുപടിയായി തുക അടയ്ക്കുവാൻ അദ്ദേഹത്തിന് നിർവ്വാഹമില്ലെന്നും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതും കൂലിപ്പണിക്കാരനുമായ തനിക്ക് തുക അടക്കുവാൻ നിർവ്വാഹമില്ലെന്നും അറിയിച്ചുകൊണ്ടുള്ള കത്ത് കമ്മിറ്റിയിൽ വായിച്ച് ചർച്ച ചെയ്തു. കൺവീനർ വേലപൂർത്തിയാക്കിയിട്ടുള്ളതാണെന്നും മണിയന്ത്രം പ്രദേശത്തെ ജനങ്ങൾക്ക് വളരെയേറെ പ്രയോജനം ചെയ്യുന്നതാണെന്നും യോഗം വിലയിരുത്തി. അതിനാൽ ടിയാന്റെ പേരിലുള്ള തടസ്സം ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ച് 7-1-2015-ൽ 11-ാം നമ്പരായി കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

സർക്കാർ മറുപടിയിന്മേലുള്ള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

**മണിയന്ത്രം കോളനി കുടിവെള്ള പദ്ധതി**

53. വേലയുടെ കൺവീനറായ ശ്രീ. ടി. എ. ജോസ് തട്ടുപറമ്പിൽ, മണിയന്ത്രം, കല്ലൂർക്കാട് (പി. ഒ.) എന്നയാളിൽ നിന്ന് 27,300 രൂപ ഈടാക്കുവാൻ റവന്യൂ റിക്കവറി നോട്ടീസ് അയച്ചു എങ്കിലും പദ്ധതി പൂർത്തീകരിക്കപ്പെട്ട് ഗുണഭോക്തൃ പ്രദേശത്ത്

പ്രയോജനം ലഭിച്ചുവെന്ന് 11-8-2015-ൽ പഞ്ചായത്ത് കമ്മിറ്റി വിലയിരുത്തി. പ്രവൃത്തിയുടെ മൂല്യം കണക്കാക്കി, ചെയ്ത പ്രവൃത്തിയിൽ നഷ്ടം വന്നിട്ടുണ്ടെങ്കിൽ ആ തുക മാത്രം ഈടാക്കിയാൽ മതിയെന്ന് തീരുമാനിച്ചതിൻ പ്രകാരം റവന്യൂ റിക്കവറി നടപടികൾ താൽക്കാലികമായി നിർത്തിവെച്ചു.

54. ഇതനുസരിച്ച് എൽ.എസ്.ജി.ഡി. എഞ്ചിനീയർ പ്രവൃത്തിമൂല്യം കണക്കാക്കി അധികം ചെയ്ത പ്രവൃത്തിയുടെ ബാക്കി തുക ഈടാക്കുന്നതിന് ശ്രീ. ടി. എ. ജോസിന് നോട്ടീസ് അയച്ചുവെങ്കിലും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കൂലിപ്പണിക്കാരനായ ടിയാൾക്ക് തുക അടയ്ക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ ടിയാനിൽ നിന്നും തുക ഈടാക്കുവാനുള്ള നടപടി ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ച് 7-1-2015-ലെ 11-ാം നമ്പർ ആയി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തു. മേൽപ്പറഞ്ഞ സാഹചര്യത്തിൽ മണിയന്ത്രം കോളനി കുടിവെള്ള പദ്ധതിയുടെ കൺവീനറായ ശ്രീ. ടി. എ. ജോസിൽ നിന്നും നാളിതുവരെ തുകയൊന്നും ഈടാക്കിയിട്ടില്ല.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

55. **പുളിയാനിക്കൽ കിണർ നിർമ്മാണം, വാഴക്കാലക്കണ്ടം കാവക്കാട് റോഡ് ടാറിംഗ് എന്നിവ പണി പൂർത്തീകരിച്ച് ഓഡിറ്റ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

56. **കാനം കോളനി റോഡ് സൈഡ് നിർമ്മാണവുമായി ബന്ധപ്പെട്ട ജോലിയിൽ നഷ്ടം വന്ന തുക കൺവീനറിൽ നിന്നും ഈടാക്കാൻ ആർ.ആർ. നടപടിക്ക് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയെങ്കിലും കൺവീനർ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന ആളാണെന്നും, മറ്റ് വരുമാന മാർഗ്ഗമൊന്നും ഇല്ലെന്നും കളക്ടർ അറിയിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

57. **മണിയന്ത്രം കോളനി കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ശ്രീ. ടി. എ. ജോസ് തട്ടുപറമ്പിൽ, മണിയന്ത്രം, കല്ലൂർക്കാട് എന്ന ആളിൽ നിന്നും 27,300 രൂപ ഈടാക്കാൻ റവന്യൂ റിക്കവറി നോട്ടീസ് അയച്ചിരുന്നെങ്കിലും പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചതായി പഞ്ചായത്ത് കമ്മിറ്റി 11-8-2015-ൽ വിലയിരുത്തുകയും, പ്രവൃത്തിയിൽ നഷ്ടം വന്നിട്ടുണ്ടെങ്കിൽ പ്രസ്തുത തുക മാത്രം ഈടാക്കുന്നതിലേക്കായി എൽ.എസ്.ജി.ഡി. എൻജിനീയർ പ്രവൃത്തിയുടെമൂല്യം കണക്കാക്കി പ്രവൃത്തിക്കായി അധികം ചെലവായ തുക ഈടാക്കുന്നതിന് പഞ്ചായത്ത് നോട്ടീസ് അയയ്ക്കുകയും ആയതിന് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള**

**കൂലിപ്പണിക്കാരനായ ടിയാന് തുക അടക്കുവാൻ നിർവ്വാഹമില്ലെന്നും, പ്രസ്തുത നടപടിയിൽ നിന്നും ഒഴിവാക്കണമെന്ന് കാണിച്ച് അപേക്ഷ നൽകിയിട്ടുള്ളതായും പ്രസ്തുത തുക ഇന്നേവരെ ഈടാക്കിയിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. മണിയന്ത്രം കോളനി കുടിവെള്ള പദ്ധതിയുടെ കൺവീനർ കൈപ്പറ്റിയ തുകയിൽ നിന്ന് ചെയ്ത പ്രവൃത്തിക്ക് വന്ന ചെലവ് കുറച്ച് ബാക്കി തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി നോട്ടീസ് അയച്ചുവെങ്കിലും ഗുണഭോക്താക്കൾക്ക് പ്രദേശത്ത് പദ്ധതിയുടെ പ്രയോജനം ലഭിച്ചുവെന്ന് പഞ്ചായത്ത് കമ്മിറ്റി വിലയിരുത്തുകയും ടിയാന്റെ അപേക്ഷ പരിഗണിച്ച് ബാക്കി തുക ഈടാക്കുന്നതിൽ നിന്നും ടിയാനെ ഒഴിവാക്കി തീരുമാനമെടുക്കുകയും ചെയ്തതായി അറിയിച്ചിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**റോഡ് ടാറിംഗ് പണി നടത്താതെ തുക കൈപ്പറ്റി ; 46,615 രൂപ നിരാകരിക്കുന്നു**

[2000-2001 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക. 3(12)]

യാതൊരുപണിയും നടത്താതെ കൺവീനർ കൈപ്പറ്റിയ 46,615 രൂപ തിരിച്ചടയ്ക്കുവാൻ രേഖാമൂലം ആവശ്യപ്പെട്ടിട്ടും തുകയൊന്നും തിരിച്ചടച്ചിട്ടില്ല. അതിനാൽ 46,615 രൂപ നിരാകരിക്കുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-2006 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.40(2)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.

58. ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക തിരിച്ചീടാക്കാൻ സാധിക്കാത്തത് സംബന്ധിച്ച് എന്താണ് ബോധിപ്പിക്കാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് പ്രവൃത്തി ചെയ്ത കൺവീനറിൽ നിന്നും ആർ.ആർ. നടപടിയിലൂടെ തുക തിരിച്ചടക്കാൻ കളക്ടർക്ക് കത്ത് നൽകിയെങ്കിലും ടിയാൻ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിലെ താമസക്കാരനല്ലാത്തതിനാൽ ആയതിന് സാധിക്കില്ലെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. കൺവീനർ തുക തിരിച്ചടയ്ക്കാതെ സ്ഥലം വിറ്റ് വീട് മാറിപ്പോയ സാഹചര്യത്തിലും ഗുണഭോക്തൃ സമിതി കൺവീനർക്കുള്ളതുപോലെ തന്നെ ഉത്തരവാദിത്വം മറ്റ് സമിതി അംഗങ്ങൾക്കുമുണ്ടെന്ന് സമിതി അഭിപ്രായപ്പെടുകയും ആയതിനാൽ ഗുണഭോക്തൃ സമിതി അംഗങ്ങളിൽ നിന്നും അടിയന്തരമായി പ്രസ്തുത തുക ഈടാക്കി റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിക്കുകയുമുണ്ടായി.

പ്രസ്തുത ഓഡിറ്റ് ഖണ്ഡിക സംബന്ധിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

59. ഈ പദ്ധതിയുടെ ഗുണഭോക്തൃ സമിതി ചെയർമാനായിരുന്ന ശ്രീ. കെ. ഇ. ഭാസ്കരൻ മരണപ്പെട്ട് പോയിട്ടുള്ളതാണ്. ഗുണഭോക്തൃസമിതി അംഗങ്ങളായ 7 പേർക്ക് തുക അടയ്ക്കുന്നതിന് കത്ത് നൽകിയിരുന്നുവെങ്കിലും തുക ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്ന് കാണിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് അപേക്ഷ നൽകിയിരുന്നു. ആയതിനാൽ അംഗങ്ങളിൽ നിന്നും തുകയൊന്നും ഈടാക്കിയിട്ടില്ല. തുടർന്ന് യാതൊരുവിധ നിർമ്മാണ പ്രവർത്തനവും നടത്താതെ പഞ്ചായത്തിന് വരുത്തിയ നഷ്ട തുക 46,615 പലിശ സഹിതം റവന്യൂ റിക്കവറി നടത്തി ഈടാക്കുന്നതിന് വേണ്ടി ബഹു. ഇടുക്കി ജില്ലാ കളക്ടർക്ക് ഓൺലൈനായി 5-10-2015-ൽ അപേക്ഷിക്കുകയും കളക്ടറുടെ നിർദ്ദേശപ്രകാരം തഹസിൽദാരും വില്ലേജ് ഓഫീസറും ടിയാളെ നേരിൽ കാണുകയും തുക അടയ്ക്കുവാൻ ആവശ്യപ്പെടുകയും, അല്ലാത്ത പക്ഷം റവന്യൂ റിക്കവറി നടപടി സ്വീകരിക്കുമെന്ന് അറിയിക്കുകയും ചെയ്തു. അതേ തുടർന്ന് ശ്രീ. റ്റി. വി. രവീന്ദ്രൻ ബഹു. കേരള ഹൈക്കോടതി മുമ്പാകെ റവന്യൂ റിക്കവറി നടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് WPC (C) 37736/16 ആയി ഒരു റിട്ട് പെറ്റീഷൻ ഫയൽ ചെയ്തു. ഇതിനെതിരെ പഞ്ചായത്തിന്റെ വക്കീൽ അഡ്വ. പോൾ കെ. വർഗ്ഗീസ് ഒരു കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുള്ളതാണ്. കേസ്സിന്റെ തുടർനടപടി സംബന്ധിച്ച് ബഹു. കോടതിയിൽ നിന്നോ പഞ്ചായത്ത് വക്കീലിന്റെ ഭാഗത്തു നിന്നോ അറിയിപ്പുകൾ ഒന്നും പഞ്ചായത്തിന് ഇതുവരെ ലഭിച്ചിട്ടില്ല എന്ന വിവരം അറിയിച്ചുകൊള്ളുന്നു.

60. സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പ്രസ്തുത മറുപടി പരിഗണിച്ച 8-5-2019-ലെ സമിതിയോഗം ബഹു. ഹൈക്കോടതി വിധിക്കനുസരിച്ച് തുടർനടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

61. **കൺവീനർ 46,615 രൂപ കൈപ്പറ്റിയെങ്കിലും റോഡ് ടാറിംഗ് പണി ഒന്നും നടത്തിയില്ല എന്ന വിഷയത്തിന്മേൽ നിലവിൽ ബഹു. ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കേസ് നടത്തുന്നതിനുള്ള തുടർനടപടി പഞ്ചായത്ത് സ്വീകരിക്കണമെന്നും ബഹു. ഹൈക്കോടതി വിധിക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുവാനും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ബാലവാടി അറ്റകുറ്റപ്പണി; 20,000 രൂപ നിരാകരിക്കുന്നു**

[2000-2001) ഓഡിറ്റ് റിപ്പോർട്ട് ; 3(15]

20,000 രൂപ ചെലവഴിച്ചുള്ള ബാലവാടി അറ്റകുറ്റപ്പണിയുടെ രേഖകൾ ഹാജരാക്കാത്തതിനാൽ 20,000 രൂപ നിരാകരിക്കുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 2.40(3)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.

62. ഈ വിഷയത്തിൽ പഞ്ചായത്തിന്റെ അഭിപ്രായം സമിതി തേടിയതിന്, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേരിലുള്ള സർചാർജ് നടപടികൾ ഒഴിവാക്കിയിട്ടുള്ളതായി സെക്രട്ടറി ബോധിപ്പിച്ചതിന്റെയും രേഖകൾ പരിശോധിച്ചതായുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ഇൻ-ചാർജിന്റെ മറുപടിയുടെയും വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

63. **20,000 രൂപ ചെലവഴിച്ച് ബാലവാടി അറ്റകുറ്റപ്പണി നടത്തിയതിന്റെ രേഖകൾ പരിശോധിച്ചതായും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പ്രസ്തുത ഉദ്യോഗസ്ഥന്റെ പേരിലുള്ള സർച്ചാർജ് നടപടികൾ ഒഴിവാക്കിയിട്ടുള്ളതായും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സിമന്റ് ബ്രിക്സ് യൂണിറ്റ്; ചെലവ് തുക 75,000 രൂപ നിരാകരിക്കുന്നു**

[2000-2001 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക. 3(16)]

വനിതകൾക്കുവേണ്ടിയുള്ള സിമന്റ് ബ്രിക്സ് യൂണിറ്റിന് വേണ്ടി ചെലവായ തുക 75,000 രൂപ ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ നിരാകരിക്കുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 2.40(4)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.

64. ബന്ധപ്പെട്ട ഉദ്യോഗസ്ഥന് സർചാർജ് നോട്ടീസ് നൽകുകയും ടിയാൻ ആയതിന് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സർചാർജ് നടപടികളിൽ നിന്ന് ടിയാനെ ഒഴിവാക്കിയിട്ടുള്ളതിനാലും രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടു എന്ന ഓഡിറ്റ് ഡയറക്ടറുടെ മറുപടിയിന്മേൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി നിർദ്ദേശിച്ചു.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

65. **വനിതകൾക്കുവേണ്ടിയുള്ള സിമന്റ് ബ്രിക്സ് യൂണിറ്റിന് വേണ്ടി 75,000 രൂപ ചെലവായതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാതിരുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് സർചാർജ് നോട്ടീസ് നൽകുകയും ടിയാൻ ആയതിന് നൽകിയ മറുപടിയിന്മേൽ രേഖകൾ പരിശോധിച്ച ബോദ്ധ്യപ്പെട്ടതിനാൽ സർചാർജ് നടപടിയിൽ നിന്നും ടിയാനെ ഒഴിവാക്കിയിട്ടുള്ളതായും മനസ്സിലാക്കിയ സമിതി പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

കവളങ്ങാട് ഗ്രാമപഞ്ചായത്ത്

**റോഡ് പണി; അപാകതകൾ 51,480 രൂപ അംഗീകരിക്കുന്നില്ല**

(97-98 മുതൽ 2000-2001 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട്; ജനകീയാസൂത്രണ കണക്കുകൾ ഖണ്ഡിക 40)

റോഡ് പണിയ്ക്ക് എസ്റ്റിമേറ്റ് പ്രകാരം 9 ഇനം വേലകൾ ചെയ്യേണ്ട സ്ഥാനത്ത് രണ്ടിനം വേലകൾ മാത്രം നടത്തി ഫൈനൽ ബിൽ നൽകിയിരിക്കുന്നത് ദുരൂഹമാണ്. ഫില്ലിംഗ് നടത്തിയിട്ടില്ലാത്തതിനാൽ കട്ട് ചെയ്ത 867.15 ഘന.മീറ്റർ മണ്ണ് എന്ത് ചെയ്തു എന്ന് വ്യക്തമല്ല. 70.30 ഘന.മീറ്റർ ബോർഡുകൾ ഉൾപ്പെടെ 179.35 ഘന.മീറ്റർ പാറ പൊട്ടിച്ചത് സ്റ്റോക്ക് ചെയ്തിട്ടില്ല. മേൽ വിവരിച്ച കാരണങ്ങളാൽ 51,480 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 2.41(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.

66. ഇതുസംബന്ധിച്ച വിശദീകരണം സമിതി ആവശ്യപ്പെട്ടതിന് കട്ട് ചെയ്തെടുത്ത മണ്ണും പാറയും റോഡിന് വേണ്ടിത്തന്നെയാണ് ഉപയോഗിച്ചതെന്നും ആയത് സാധൂകരിക്കാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ടെന്നും കവളങ്ങാട്

ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. എസ്റ്റിമേറ്റിൽ പറഞ്ഞ 9 ഇനം പ്രവൃത്തികളിൽ രണ്ട് ഇനം മാത്രമേ ചെയ്തിട്ടുള്ളൂവെന്നും കട്ട് ചെയ്ത 867.17 ഘനമീറ്റർ മണ്ണിന്റെ വിനിയോഗ വിവരം അളവ് പുസ്തകത്തിൽ രേഖപ്പെടുത്താത്തതും പാറപൊട്ടിച്ചെടുത്ത 179.35 ഘന.മീറ്റർ കരിങ്കല്ല് ഉപയോഗിച്ചതിന്റെ അളവ് സഹിതമുള്ള വിവരങ്ങൾ ലഭ്യമല്ലാത്തത് സംബന്ധിച്ച് സമിതി ചൂണ്ടിക്കാട്ടിയതിന് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക പരിശോധന നടത്തിയെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ലെന്നും രേഖകൾ ഹാജരാക്കിയാൽ പരിശോധിച്ചശേഷം റിപ്പോർട്ട് നൽകാമെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ഇൻ-ചാർജ് സമിതിയെ ബോധിപ്പിച്ചു. റോഡ് പണിയിലെ അപാകതമൂലം നഷ്ടം സംഭവിച്ച 51,480 രൂപ ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സമിതി സർക്കാരിനോട് നിർദ്ദേശിച്ചു.

പ്രസ്തുത ഓഡിറ്റ് ഖണ്ഡിക സംബന്ധിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മ പരിശോധന റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

67. (1) ഈ വിഷയം സംബന്ധിച്ച് പ്രാദേശിക പരിശോധന നടത്തിയെങ്കിലും ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുകയുണ്ടായില്ല. നഷ്ടത്തുക പഞ്ചായത്തിൽ അടവാക്കണമെന്ന് അറിയിച്ച് മുൻ സെക്രട്ടറി, മുൻ എഞ്ചിനീയർ, കൺവീനർ, ചെയർമാൻ, എന്നിവർക്ക് കവളങ്ങാട് ഗ്രാമപഞ്ചായത്തിൽ നിന്നും കത്ത് നൽകിയിട്ടുള്ളതുമാണ്. എന്നാൽ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ മേൽനോട്ടം വഹിക്കാനുള്ള സാങ്കേതിക പരിജ്ഞാനമില്ലാത്തതാണെന്നും 2003-ൽ സർവ്വീസിൽ നിന്നും വിരമിച്ച് പെൻഷൻ തുക കൊണ്ടു മാത്രം ഉപജീവനം നടത്തുന്നയാളാണെന്നും ആയതിനാൽ നടപടികളിൽ നിന്നും ഒഴിവാക്കി നൽകണമെന്നും മുൻ സെക്രട്ടറി ശ്രീമതി കെ.എം. ഐഷ മറുപടി കത്ത് നൽകിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെയും എഞ്ചിനീയറുടേയും മേൽനോട്ടത്തിൽ നിർവ്വഹിച്ച ടി വർക്കിനെ സംബന്ധിച്ച് കൃഷിപ്പണി മാത്രം ചെയ്തു ജീവിക്കുകയും മാനസിക പിരിമുറുക്കങ്ങൾ നേരിടാൻ കഴിയാത്തതുമായ രോഗിയായ ആളെന്ന നിലയിൽ ശിക്ഷാനടപടികളിൽ നിന്ന് ഒഴിവാക്കി നൽകണമെന്ന് പ്രവൃത്തിയുടെ കൺവീനറും ടാപ്പിംഗ് തൊഴിലാളിയുമായ പ്രവൃത്തിയുടെ ചെയർമാനും അറിയിച്ചിട്ടുണ്ട്.

(2) നിലവിൽ ഫയൽ പരിശോധിച്ചതിൽ 51,480 രൂപ ഈടാക്കാൻ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല എന്ന വിവരം റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.

8-5-2019 തീയതിയിലെ യോഗത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധിക വിവരം സമിതി അംഗീകരിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

**68. സംസ്ഥാന ഓഡിറ്റ് വകുപ്പ് നടത്തിയ പ്രാദേശിക പരിശോധനയിലും നിരാകരിച്ച തുകയായ 51,480 രൂപയുടെ രേഖകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കവളങ്ങാട് ഗ്രാമപഞ്ചായത്തിലെ റോഡ് പണി അപാകതമൂലം നഷ്ടം സംഭവിച്ച 51,480 രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

പിണ്ടിമന ഗ്രാമപഞ്ചായത്ത്

**കുടിവെള്ള പദ്ധതി നടത്തിപ്പിൽ അപാകതകൾ; 46,340 രൂപ നഷ്ടം**

(1999-2000, 2000-2001 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 2.15)

കിണർ കുഴിക്കുക, ടാങ്ക് പണിയുക, പമ്പ് ഹൗസ് റിപ്പയർ ചെയ്യുക എന്നിവ വിഭാവനം ചെയ്ത കുടിവെള്ള പദ്ധതിയ്ക്ക് 1,40,000 രൂപ ചെലവാക്കിയതിൽ പണി ഭാഗികമായി നടത്തി ഉപേക്ഷിച്ചതിനാൽ പണിതതിന് ചെലവ് വന്ന 93,660 രൂപ കഴിച്ച് ബാക്കി 46,340 രൂപ പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക നമ്പർ 2.42(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.

69. പ്രസ്തുത വിഷയത്തിന്മേൽ ഗ്രാമപഞ്ചായത്ത് അധികൃതരുടെ വിശദീകരണം സമിതി ആവശ്യപ്പെട്ടതിന് കേസ്സുമായി ബന്ധപ്പെട്ട് ആർ.ആർ. നടപടികൾക്കായി കളക്ടർക്ക് കത്ത് നല്കിയെങ്കിലും ബന്ധപ്പെട്ട വ്യക്തി ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തുവെന്നും കോടതി കേസ് തള്ളിയതിന് ശേഷം 13-8-2013-ൽ വീണ്ടും റവന്യൂ റിക്കവറിക്ക് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നല്കിയതിന് ആർ.ആർ. നടപടിയുടെ വിശദാംശങ്ങൾ കളക്ടേറ്റിൽ നിന്നും നേരിട്ട് അന്വേഷണം നടത്തി റിപ്പോർട്ട് നല്കുന്നതിന് ഒരു മാസത്തെ സമയം നൽകുന്നുവെന്നും അപ്രകാരം റിപ്പോർട്ട് ചെയ്യാത്തപക്ഷം പിണ്ടിമന ഗ്രാമപഞ്ചായത്ത് അധികൃതരെ വീണ്ടും തെളിവെടുപ്പിന് വിളിക്കുവാനും സമിതി തീരുമാനിച്ചു.

തുടർന്ന് റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ 14-11-2018-ൽ സമിതി പ്രസ്തുത ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട് തെളിവെടുപ്പ് നടത്തുകയുണ്ടായി. തദവസരത്തിൽ സർക്കാർ നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

70. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചതനുസരിച്ച് 46,340 രൂപ പിഴപ്പലിശ സഹിതം ഈടാക്കുന്നതിന് കൺവീനറായിരുന്ന ശ്രീ. ടോമി ജോർജ്ജിന് എതിരെ റവന്യൂ റിക്കവറി നടപടിക്കായി 29-1-2011-ൽ ബഹു. എറണാകുളം ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുള്ളതും, ആയതിൻ പ്രകാരം റവന്യ റിക്കവറി നടപടിക്കായി നൽകിയിട്ടുള്ളതും, റവന്യൂ റിക്കവറി നടപടി ആരംഭിച്ചതിനെതിരെ ടിയാൻ ബഹു. കേരള ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളതും, ഈ കേസ്സിൽ [WP(C) 9509/11] ബഹു. കേരള ഹൈക്കോടതിയുടെ 5-11-2013-ലെ വിധിയിൽ 1999-2000, 2000-01 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ പ്രസ്തുത ഖണ്ഡികയുടെ പകർപ്പ് നൽകി ടിയാന്റെ ഭാഗം കേട്ട് തുടർ നടപടി സ്വീകരിക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്. ആയതിൻ പ്രകാരം 1999-2000, 2000-01 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ പ്രസ്തുത ഖണ്ഡികയുടെ പകർപ്പ് നൽകി 27-12-2013-ന് ഉച്ചയ്ക്ക് 2.30 മണിയ്ക്ക് ടിയാനെ നേരിൽ കേട്ടു. ടിയാനെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുകയും ചെയ്തെങ്കിലും ടിയാൻ ഇതിനെതിരായി ബഹു. കേരള ഹൈക്കോടതിയിൽ പെറ്റീഷൻ ഫയൽ ചെയ്യുകയും, 25-6-2015-ലെ WP(C)28495/2014 നമ്പർ ജഡ്ജ്മെന്റ് പ്രകാരം ടിയാനെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് പഞ്ചായത്ത് തലത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. ടി കാലയളവിലെ സെക്രട്ടറി സർവ്വീസിൽ നിന്നും വിരമിച്ചിട്ട് 16 വർഷത്തിലേറെ ആയതിനാൽ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും തുക ഈടാക്കുന്നതിന് സാധിക്കാത്തതിനാൽ ടി വിഷയം 15-11-2017-ലെ പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കുകയും, പരാമർശം ഒഴിവാക്കി തരുന്നതിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനോട് അഭ്യർത്ഥിക്കുന്നതിന് തീരുമാനിക്കുകയും, ഓഡിറ്റ് വകുപ്പ് 24-4-2018-ൽ നടത്തിയ അദാലത്തിൽ വയ്ക്കുയും ചെയ്തിരുന്നു. നിലവിൽ പമ്പ് ഹൗസും ടാങ്കും ഉണ്ടെങ്കിലും ജപ്പാൻ കുടിവെള്ള പദ്ധതി നിലവിൽ വന്നതിനാൽ ടി പ്രദേശത്തെ ജനങ്ങൾക്ക് ഇതു വഴി കുടിവെള്ളം വിതരണം നടത്തി വരുന്നുണ്ട് എന്ന വിവരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

71. തെളിവെടുപ്പ് യോഗത്തിൽ സമിതി പദ്ധതി കൺവീനർക്കെതിരെ സ്വീകരിച്ചു വന്നിരുന്ന ആർ.ആർ. നടപടികളുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് ആരായുകയുണ്ടായി. 1999-2000-ൽ വേട്ടാംപാറ വാർഡിലാണ് കുടിവെള്ളപദ്ധതി വിഭാവനം ചെയ്തിരുന്നതെന്നും കിണർ കുഴിക്കുക, ടാങ്ക് പണിയുക, പമ്പ് ഹൗസ് റിപ്പയർ ചെയ്യുക

എന്നിവയാണ് പദ്ധതികൊണ്ട് വിഭാവനം ചെയ്തിരുന്നതെന്നും പണി ഭാഗികമായി പൂർത്തീകരിച്ചതിനാൽ പ്രവൃത്തിക്കായി ചെലവുവന്ന 23,660 രൂപ കിഴിച്ച് 46,340 രൂപ പിഴപ്പലിശ സഹിതം ഈടാക്കാനായിരുന്നു നടപടിയെന്നും ആയതിനായി ആർ.ആർ.നടപടി സ്വീകരിച്ചുവന്നതിനെതിരെ പദ്ധതിയുടെ കൺവീനർ ആദ്യം ഹൈക്കോടതിയിൽ നിന്ന് സ്റ്റേ ഉത്തരവ് വാങ്ങുകയും തുടർന്ന് 25-6-2015-ലെ WP(C)28495/2014 നമ്പർ ജഡ്ജ്മെന്റ് പ്രകാരം ടിയാനെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുകയാണുണ്ടായതെന്നും പിണ്ടിമന ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പിന്നീട് പഞ്ചായത്ത് തുടർനടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ലെന്നും നിലവിലെ അന്വേഷണത്തിൽ അവിടെ പമ്പ് ഹൗസും ടാങ്കുമുണ്ടെന്നും എന്നാൽ ഭൂതത്താൻകെട്ടിൽ ക്രമാതീതമായി വെള്ളം വന്ന് ഷട്ടർ പൊട്ടിയതിനാൽ കിണർ ഒലിച്ചുപോയെന്നാണ് വിശദീകരണത്തിൽ നിന്നും വ്യക്തമാകുന്നതെന്നും സെക്രട്ടറി കൂട്ടി ചേർത്തു. സമിതി സെക്രട്ടറിയുടെ മറുപടി അംഗീകരിക്കുകയുണ്ടായി.

72. തുടർന്ന്, സമിതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കേസ് നടത്തിപ്പ് സംബന്ധിച്ച് സെക്രട്ടറി തലത്തിൽ വിലയിരുത്തൽ നടത്താറുണ്ടോയെന്നും കേസ്സിന്റെ പുരോഗതി സംബന്ധിച്ചും കേസെടുക്കുമ്പോൾ അഭിഭാഷകർ ഹാജരാകുന്നുണ്ടോ എന്നത് സംബന്ധിച്ചും ആരാഞ്ഞു. നിലവിൽ അത്തരം സംവിധാനങ്ങൾ ഒന്നു തന്നെയില്ല എന്നാണ് സമിതി നിരീക്ഷിച്ചത്. കോർപ്പറേഷനിൽ ഒരു ലീഗൽ അസിസ്റ്റന്റുണ്ടെന്നും നഗരകാര്യ ഡയറക്ടറേറ്റിൽ ഹൈക്കോടതിയിലെ ഒരു ലെയ്സൻ ഓഫീസറുണ്ടെന്നും നഗരസഭകളും കോർപ്പറേഷനുകളും സ്വന്തം അഭിഭാഷകനെ വച്ചാണ് കേസ് നടത്തുന്നതെന്നും നിലവിൽ കേസ്സുകളുടെ ഫോളോ അപ്പ് നടത്തുന്നുണ്ടെന്നും മുനിസിപ്പാലിറ്റിക്കെതിരെയുള്ള കേസ്സുകളിൽ എല്ലാ ആഴ്ചയും റിപ്പോർട്ട് നൽകണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ നിർദ്ദേശമുണ്ടെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ മറുപടി നൽകി.

73. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പട്ട കേസ്സുകളിൽ 90 ശതമാനവും പരാജയപ്പെടുന്നതിന് കാരണം കൃത്യമായി കോടതിയിൽ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യാത്തതോ അഭിഭാഷകർ ഹാജരാകാത്തതുകൊണ്ടോ ആണെന്ന് അഭിപ്രായപ്പെട്ട സമിതി നിയമ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും കൂടിയാലോചിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കേസ് നടത്തിപ്പിലെ അപാകത പരിഹരിക്കാൻ കാലോചിതമായ പരിഷ്കരണങ്ങൾ ഏർപ്പെടുത്തണമെന്ന് നിർദ്ദേശിച്ചു. പഞ്ചായത്തുകളിൽ സെക്രട്ടറി തന്നെ കേസ്സുകളുടെ കാര്യത്തിൽ പരിശോധന നടത്തണമെന്നും കോർപ്പറേഷനുകളിൽ ലീഗൽ അസിസ്റ്റന്റ് ഓരോ കേസ്സുകളുടെയും കാര്യങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നതിനും വ്യവസ്ഥ ഉണ്ടാകണമെന്നും സമിതി അഭിപ്രായപ്പെട്ടു.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

**74. ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട കേസിലെ ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>പൊതുശിപാർശ</u>

**75. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട കേസ്സുകളിൽ 90 ശതമാനവും പരാജയപ്പെടുന്നതിനുകാരണം യഥാസമയം കോടതിയിൽ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യാത്തതിനാലോ അഭിഭാഷകർ ഹാജരാകാത്തതിനാലോ ആണെന്ന് സമിതി നിരീക്ഷിക്കുന്നു.**

**76. കേസ് നടത്തിപ്പിന്റെ കാര്യങ്ങൾക്കായി കോർപ്പറേഷനിൽ ഒരു ലീഗൽ അസിസ്റ്റന്റും നഗരകാര്യ ഡയറക്ടറേറ്റിൽ ഒരു ലെയ്സൺ ഓഫീസറും ഉണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട കേസ് നടത്തിപ്പിനായി പ്രത്യേകം ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. പഞ്ചായത്തുകളിൽ കേസ്സുകളുടെ നടത്തിപ്പ് പഞ്ചായത്ത് സെക്രട്ടറി തന്നെ പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ ഭരണവകുപ്പ് പുറപ്പെടുവിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**77. കോർപ്പറേഷനുകളിലും നഗരസഭാ ഡയറക്ടറേറ്റിലും കേസ്സുകളുടെ നടത്തിപ്പ് സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നതിനും അതിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തണമെന്നും നിർദ്ദേശിക്കുന്നതോടൊപ്പം ഇതിന്റെ മേൽനോട്ടം നിർവ്വഹിക്കുന്നതിനായി ഭരണവകുപ്പിൽ സംവിധാനമുണ്ടാകണ മെന്നും സമിതി ശിപാർശ ചെയ്യുന്നു. നിയമ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും കൂടിയാലോചിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കേസ് നടത്തിപ്പിലെ അപാകത പരിഹരിക്കാൻ കാലോചിതമായ പരിഷ്കരണങ്ങൾ ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**2. പാടശേഖരബണ്ട് നിർമ്മാണം മുൻകൂർ നൽകിയ 15,400 രൂപ നിരാകരിക്കുന്നു**

(1999-2000, 2000-2001 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 2.17)

പാടശേഖര ബണ്ട് നിർമ്മാണത്തിന് 15,400 രൂപ മുൻകൂർ നൽകിയെങ്കിലും നാളിതുവരെയും എന്തെങ്കിലും പണി നടത്തിയതായോ തുക തിരിച്ചടച്ചതായോ കാണുന്നില്ല. മുൻകൂർ കൊടുത്ത 15,400 രൂപ പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക നമ്പർ 2. 42(2)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.

ഇതുമായി ബന്ധപ്പെട്ട എല്ലാവരിൽ നിന്നും തുക ഈടാക്കിയതായി സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

78. **ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട എല്ലാവരിൽ നിന്നും രൂപ തിരികെ അടവാക്കിയതായുള്ള ഓഡിറ്റിന്റെ മറുപടിയെ തുടർന്ന് പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

## തുറവൂർ ഗ്രാമപഞ്ചായത്ത്

### വിവിധ പദ്ധതി നടത്തിപ്പിൽ അപാകതകൾ

വിഭവഭൂപട സർവ്വേ നടത്തിപ്പിൽ യാത്രാബത്തയോ മറ്റേതെങ്കിലും തരത്തിലുള്ള പ്രതിഫലമോ നൽകുന്നതിന് വ്യവസ്ഥ ഇല്ലാതെയിരിക്കെ, 42,000 രൂപ പഞ്ചായത്ത് കമ്മിറ്റിയുടെ മുൻകൂർ അനുമതിപോലുമില്ലാതെ സന്നദ്ധപ്രവർത്തകർക്ക് റ്റി.എ./ഡി.എ. നൽകുന്നതിന് വിനിയോഗിച്ചു. 42,000 രൂപ അംഗീകരിക്കുന്നില്ല.

(2002-2003 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 13)

മസ്റ്ററിൽ അത്യാവശ്യം വേണ്ടതായ യാതൊരു വിവരങ്ങളും രേഖപ്പെടുത്താതെ വെറുമൊരു തുക മാത്രമെഴുതി പണം ചെലവ് ചെയ്തിരിക്കുന്നത് ശരിയായ നടപടിയല്ല. വിശദവിവരങ്ങളും സെക്രട്ടറിയുടെ ഒപ്പുമില്ല. മസ്റ്ററുകൾ പ്രകാരമുള്ള 18,480 രൂപ അംഗീകരിക്കുന്നില്ല.

[2000-2001 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3(9)]

പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ ഹാൾ നിർമ്മാണത്തിന് മുൻകൂറായി നൽകിയ 75,000 രൂപയിൽ 47,063 രൂപയുടെ പണികൾ മാത്രമാണ് നടത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ മൂല്യത്തെക്കാൾ അധികം നൽകിയിരിക്കുന്ന 27,937 രൂപ ഈടാക്കേണ്ടതാണ്.

(2000-2001 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 3.13)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 2.43(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.

79. പ്രസ്തുത ഓഡിറ്റ് തടസ്സത്തിലെ ഖണ്ഡിക 13-മായി ബന്ധപ്പെട്ട മുൻ പഞ്ചായത്ത് സെക്രട്ടറിക്ക് നിരവധി കത്തുകൾ അയച്ചിട്ടും മറുപടി നൽകാത്തതിനാൽ 6-8-2014 മുതൽ ആർ.ആർ. നടപടി സ്വീകരിച്ചുവരുന്നുവെന്നും ടിയാൻ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തിട്ടുണ്ടെന്നും തുറവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വിരമിച്ചതിനാൽ ബാദ്ധ്യതാ തുക പെൻഷനിൽ നിന്നും ഈടാക്കാൻ വകുപ്പുണ്ടെന്നും പ്രസ്തുത കേസ്സിലും തുക നിശ്ചയിച്ച് ഈടാക്കാമെന്നുമുള്ള തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിലും പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ആർ.ആർ. നടപടി സ്വീകരിക്കാനും പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ച് നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകാനും സമിതി നിർദ്ദേശിച്ചു.

പ്രസ്തുത ഓഡിറ്റ് ഖണ്ഡിക സംബന്ധിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷമ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

80. മേൽപ്പടി കാലയളവിൽ സെക്രട്ടറിയായിരുന്ന ശ്രീ. എം. കെ. മുരളീധരന് തുക അടയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 4-10-2013-ൽ രജിസ്റ്റേഡ് തപാൽ അയച്ചിരുന്നു. എന്നാൽ നാളിതുവരെ തുക അടയ്ക്കാത്തതിനാൽ 6-8-2014-ലെ 9(6) പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ആർ.ആർ. നടപടികൾക്കായി ബഹു. ജില്ലാ കളക്ടർക്ക് 11-8-2014-ൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ആർ.ആർ. നടപടി നിയമവിരുദ്ധമാണെന്ന് ആക്ഷേപമുന്നയിച്ച് ശ്രീ. എം. കെ. മുരളീധരൻ 6-12-2014-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. നാളിതുവരെ തുക ഈടാക്കിയിട്ടില്ലെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

8-5-2019 തീയതിയിലെ യോഗത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധിക വിവരം സമിതി അംഗീകരിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

81. **പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട് ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും നഷ്ടതുക ഈടാക്കുന്നതിനു വേണ്ടി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതായി സംസ്ഥാന ഓഡിറ്റ് വകുപ്പ് അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആർ.ആർ. നടപടി ത്വരിതപ്പെടുത്തി നടപടി സ്വീകരിച്ച് ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

[ഓഡിറ്റ് റിപ്പോർട്ട് വർഷം 2000-2001 ഓഡിറ്റ് ഖണ്ഡിക നമ്പർ 3(9)]

82. മസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്താതെ തുക മാത്രമെഴുതി പണം ചെലവുചെയ്തത് ന്യായീകരിക്കത്തക്കതല്ലെന്ന് സമിതി അഭിപ്രായപ്പെട്ടതിന്, ഈ കാലയളവിലെ സെക്രട്ടറിയ്ക്കെതിരെ ആർ.ആർ.നടപടി സ്വീകരിക്കുകയും ടിയാൻ തുക തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ടെന്ന മറുപടി സമിതിക്ക് തൃപ്തികരമായില്ല. ഗ്രാമപഞ്ചായത്തിന്റെ 15-2-2008-ലെ കത്തിന്മേൽ ഓഡിറ്റ് വകുപ്പ് സ്വീകരിച്ച നടപടി

സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി നിർദ്ദേശിച്ചു. നിയമാനുസൃതം തയ്യാറാക്കാത്ത മസ്റ്ററിനെക്കുറിച്ച് കൂടുതൽ വിവരങ്ങളും പഞ്ചായത്ത് നൽകിയ കത്തിന് ഓഡിറ്റിന്റെ മറുപടി സംബന്ധിച്ചും സമിതി ആരാഞ്ഞതിന് ഒന്നുകൂടി പരിശോധിച്ച് മറുപടി നല്കാമെന്ന് പഞ്ചായത്ത് ഡയറക്ടർ (ഇൻ-ചാർജ്) സമിതിക്ക് ഉറപ്പുനല്കി.

<u>സമിതിയുടെ നിർദ്ദേശാനുസരണം സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:</u>

83. മുൻ സെക്രട്ടറിയായിരുന്ന ശ്രീ. എൻ. പരമേശ്വരൻ ഓഡിറ്റ് തടസ്സമുണ്ടായിരുന്ന 10,220 രൂപ 11401500011 തീയതി 9-12-2014 നമ്പർ രസീത് പ്രകാരം പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളതാണ്. മസ്റ്ററിൽ അത്യാവശ്യം വിവരങ്ങൾ രേഖപ്പെടുത്താതെ ഓഡിറ്റ് തടസ്സപ്പെടുത്തിയിരുന്ന 8,260 രൂപ പഞ്ചായത്തിൽ ഒടുക്കണമെന്ന് ടി കാലയളവിൽ സെക്രട്ടറിയായിരുന്ന ശ്രീ. ബി. സോമരാജിനോട് പല പ്രാവശ്യം ആവശ്യപ്പെട്ടിരുന്നു. ടിയാന്റെ ആരോഗ്യ സ്ഥിതിയും സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് പഞ്ചായത്ത് കമ്മിറ്റിയുടെ 6-8-2014-ലെ 9 (6) നമ്പർ തീരുമാന പ്രകാരം പലിശ ഒഴിവാക്കുന്നതിന് തീരുമാനിച്ചിരുന്നു. 14-8-2014-ൽ 11401101142 രസീത് പ്രകാരം ടിയാൻ 8,260 രൂപ ഗ്രാമപഞ്ചായത്തിൽ അടച്ചിട്ടുള്ളതാണെന്നുള്ള വിവരം സമർപ്പിക്കുന്നു.

സർക്കാർ മറുപടിയിന്മേലുള്ള ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

മസ്റ്റർ റോളിൽ ആവശ്യമായ യാതൊരു വിവരവും രേഖപ്പെടുത്താതെ 18,480 രൂപ നൽകിയതിന് ഉത്തരവാദികളായ സെക്രട്ടറിമാരിൽ നിന്ന് ഈടാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം മുൻ സെക്രട്ടറിമാരായിരുന്ന ശ്രീ. എൻ. പരമേശ്വരൻ, ശ്രീ. ബി. സോമരാജൻ എന്നിവർ താഴെപ്പറയുന്ന രസീതുകൾ പ്രകാരം തടസ്സപ്പെടുത്തിയിരുന്ന മുഴുവൻ തുകയും അടച്ചിരുന്നു:

| ക്രമ നമ്പർ | പേര് | രസീത് നമ്പർ | തീയതി | തുക |
|---|---|---|---|---|
| 1 | ശ്രീ. എൻ. പരമേശ്വരൻ | 11401500011 | 9-12-2014 | 10,220 രൂപ |
| 2 | ശ്രീ. ബി. സോമരാജൻ | 11401101142 | 14-8-2014 | 8,260 രൂപ |
| | | | ആകെ | 18,480 രൂപ |

മേൽ അടവ് വിവരം 16-6-2015-ൽ പ്രാദേശിക പരിശോധന നടത്തി ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

84. **മസ്റ്റർ റോളിൽ ആവശ്യമായ യാതൊരു വിവരവും രേഖപ്പെടുത്താതെ 18,480 രൂപ നൽകിയതിന് ഉത്തരവാദികളായ സെക്രട്ടറിമാരിൽ നിന്നും ഈടാക്കി റിപ്പോർട്ട് നൽകണമെന്നുള്ള സമിതി നിർദ്ദേശ പ്രകാരം പ്രസ്തുത തുക മുഴുവൻ ഈടാക്കിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു.**

85. **ഓഡിറ്റ് നിരാകരിച്ച 18,480 രൂപ സെക്രട്ടറിമാരായ ശ്രീ. എൻ. പരമേശ്വരൻ, ശ്രീ. ബി. സോമരാജൻ എന്നിവരിൽ നിന്നും യഥാക്രമം 10,220 രൂപ, 8,260 രൂപ എന്ന നിരക്കിൽ ഈടാക്കിയിട്ടുള്ളതായി ഓഡിറ്റ് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

[ഓഡിറ്റ് റിപ്പോർട്ട് വർഷം 2000-2001 ഓഡിറ്റ് ഖണ്ഡിക നമ്പർ 3(13)]

പ്രസ്തുത ഓഡിറ്റ് തടസ്സത്തിന് പ്രവൃത്തിയുടെ മൂല്യം തിരിച്ചുപിടിച്ച് ജെ.ആർ.വൈ. ഫണ്ടിൽ തിരിച്ചടച്ചിട്ടുണ്ടെന്ന സെക്രട്ടറിയുടെ മറുപടി സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

86. **പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ ഹാൾ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് അധികം നൽകിയ 27,937 രൂപ തിരിച്ചു പിടിച്ച് ജെ.ആർ.വൈ. ഫണ്ടിൽ അടവാക്കിയിട്ടുണ്ടെന്ന സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

കുമ്പളം ഗ്രാമപഞ്ചായത്ത്

**മുൻകൂർ കൈപ്പറ്റിയെങ്കിലും പണി ആരംഭിച്ചില്ല**

(2001-2002 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 2.15)

ഗ്രാമപഞ്ചായത്തിലെ മൂന്ന് വേലകൾക്കായി 1,37,736 രൂപ മുൻകൂർ ഇനത്തിൽ നൽകിയെങ്കിലും പണി ആരംഭിച്ചിട്ടില്ല. എന്നതിനാൽ മുൻകൂറായി നൽകിയ 1,37,736 രൂപ പലിശസഹിതം ഈടാക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.44 (1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.

87. ഓഡിറ്റ് തടസ്സപ്പെടുത്തിയ മൂന്ന് പ്രവൃത്തികളിൽ രണ്ടെണ്ണത്തിന് തുക ഈടാക്കിയിട്ടുണ്ടെങ്കിലും അവശേഷിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സമിതി ആരാഞ്ഞതിന്, കൃഷിഭവൻ ഗോഡൗൺ നിർമ്മാണത്തിനായി മുൻകൂർ കൈപ്പറ്റിയ തുകയിൽ 28,000 രൂപയുടെ മെറ്റീരിയൽ സപ്ലൈ ചെയ്തുവെന്ന് കൺവീനർ അറിയിക്കുകയും ഈ വിഷയത്തിൽ കേസ്സുണ്ടായിരുന്നുവെന്നും കോടതി വിധിയുടെ അടിസ്ഥാനത്തിൽ 13,525 രൂപ 3 ഗഡുക്കളായി തിരിച്ചീടാക്കിയിട്ടുണ്ടെന്നും പഞ്ചായത്തിന് കൺവീനർ മെറ്റീരിയൽ സപ്ലൈ ചെയ്തുവെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ ആയതിന് റിട്ട് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടെന്നും കേസ് പെന്റിംഗിലാണെന്നും കുമ്പളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു. തുക പലിശ സഹിതം തിരിച്ചടവാക്കിയെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ തുടർ നടപടി അവസാനിപ്പിക്കാൻ സമിതി തീരുമാനിച്ചു.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

88. **കുമ്പളം ഗ്രാമപഞ്ചായത്തിലെ 3 വേലകൾക്കായി 1,37,736 രൂപ മുൻകൂർ നൽകിയതിൽ രണ്ട് പ്രവൃത്തികളുടെ തുക ഈടാക്കിയിട്ടുണ്ടെന്നും, കൃഷിഭവൻ ഗോഡൗൺ നിർമ്മാണത്തിനായി മുൻകൂർ കൈപ്പറ്റിയ തുകയിൽ മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനായി 28,000 രൂപ ചെലവഴിച്ചുവെന്നും ബാക്കി തുകയായ 13,525 രൂപ 3 ഗഡുക്കളായി പലിശ സഹിതം തിരിച്ചടച്ചിട്ടുണ്ടെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

## പിറവം ഗ്രാമപഞ്ചായത്ത്

1. <u>വിവിധ പദ്ധതിനടത്തിപ്പിൽ അപാകതകൾ</u>

(1997-1998, 2000-2001 പദ്ധതി വിഹിതം ഓഡിറ്റ് റിപ്പോർട്ട്)

ഫിലിംസ്ട്രിപ്പുകളുടെ ഉദ്ധാരണം വിഭാവനം ചെയ്തുകൊണ്ട് ആവിഷ്കരിച്ച സ്കീമിൽ വാങ്ങിച്ച 5,000 രൂപയുടെ വി.സി.ഡി.പ്ലെയർ സ്റ്റോക്ക് പരിശോധനയിൽ ഇല്ലെന്ന് ബോദ്ധ്യപ്പെട്ടതിനാൽ 5,000 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല (ഖണ്ഡിക 2.5)

റോഡ് അഭിവൃദ്ധിപണിയിൽ എഞ്ചിനീയർ നിർദ്ദേശിച്ച തുക ബില്ലിൽ കുറവ് ചെയ്യാത്തതുമൂലം അധികം നൽകിയ 7,080 രൂപ നിരാകരിക്കുന്നു.(ഖണ്ഡിക 2.13)

46,200 രൂപയ്ക്ക് സാങ്കേതികാനുമതി ലഭിച്ച ഫിഷ്ഫാമിന് കൂടുതലായി ചെലവഴിച്ച 10,843 രൂപ നിരാകരിക്കുന്നു. (ഖണ്ഡിക 2.15)

2. സി.എഫ്. വിളക്കിന് സ്ഥാപനച്ചെലവ്

(1997-98-2000-2001 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.6)

സർക്കാർ ഉത്തരവ് ജി. ഒ. (എംഎസ്.) നമ്പർ 13/97/പി.സി; 2.3.297 പ്രകാരം തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സാമഗ്രികൾ മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചെലവിൽ നൽകാവൂ. ഉത്തരവ് ഇനം (1) പ്രകാരം ഇവ സ്ഥാപിക്കുന്നതിന്റെ ചുമതല വൈദ്യുതി ബോർഡിനാണ്. ആയതിനാൽ സി.എഫ്. വിളക്കുകൾ സ്ഥാപിക്കുന്നതിന് നൽകിയ 12,000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

3. ഇടിയാറ – വല്ലുക തോട്

റോഡ് റീ മെറ്റലിംഗ്, ടാറിംഗ്: അധിക നിരക്ക് നൽകി

(1997-98-2000-2001 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 2.10)

മുൻപ് ഒരു ലെയർ മെറ്റലിംഗ് നടത്തിയ ഇടിയറ-വല്ലുകതോട് റോഡ് മെറ്റൽ ഇട്ട് ടാർ ചെയ്യുന്നതിന് ഒറിജിനൽ മെറ്റലിംഗിന്റെ നിരക്കും റിക്വയർമെന്റും അംഗീകരിച്ച് 43,378 രൂപ അധികം നൽകി. റീ മെറ്റലിംഗ് എന്ന് പ്രോജക്ടിലും എസ്റ്റിമേറ്റിലും പറഞ്ഞിട്ടുള്ളതിനാലും ഒറിജിനൽ മെറ്റലിംഗിന്റെ നിരക്കും റിക്വയർമെന്റും അംഗീകരിക്കുന്ന യാതൊരു വിശദാംശങ്ങളും ഫയലിൽ ഇല്ലാത്തതിനാലും കൂടുതലായി നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

4. പള്ളിപ്പറമ്പ് - കീഴപടി റോഡ് അഭിവൃദ്ധി: വേലമൂല്യം അധികരിച്ച് തുക നൽകി

(1997-98-2000-2001 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 2.12)

പള്ളിപ്പറമ്പ് - കീഴപടി റോഡ് അഭിവൃദ്ധിക്ക് സമാഹരണ മുൻകൂർ, ഭാഗിക ബിൽ എന്നിങ്ങനെ 80,889 രൂപ കൺവീനർ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ അളവ് പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ പ്രകാരം ആകെ 54,656 രൂപയുടെ വേല മാത്രമേ ചെയ്തിട്ടുള്ളൂ. അതിനാൽ ബാക്കി 26,233 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

5. സി.എഫ്.എൽ. വിളക്ക് : ഉയർന്ന ക്വട്ടേഷൻ അംഗീകരിച്ചു

(1997-98-2000-2001 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2.14)

കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ച് ഗ്രാമപഞ്ചായത്ത് സി.എഫ്.എൽ. വിളക്കുകൾ വാങ്ങി. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 23-3-2000-ലെ 9(1) തീരുമാനപ്രകാരം അമ്മിണി സിസ്റ്റംസ്, പാപ്പനംകോട് എന്ന സ്ഥാപനത്തിൽ നിന്നും

തെരുവ് വിളക്കുകൾ 860 രൂപയ്ക്ക് വാങ്ങുവാൻ തീരുമാനിച്ചുവെങ്കിലും ഈ തുകയ്ക്കുള്ള നെഗോസിയേഷന് നടത്തിയത് 25-3-2000-ൽ മാത്രമാണ്. നൊഗോസിയേഷൻ മുൻപ് സാധനങ്ങൾ വാങ്ങുവാൻ തീരുമാനിച്ചതിനും വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്താതിരുന്നതിനും വിശദീകരണം ആവശ്യപ്പെടേണ്ടതാണ്. കുറഞ്ഞ നിരക്കിൽ ഉള്ളത് അംഗീകരിക്കാതെ കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ച് സാധനങ്ങൾ വാങ്ങിയതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 24,000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.45 (1-5)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.

89. ഓഡിറ്റ് പരാമർശത്തിലെ ഖണ്ഡിക 45 (1-5)കളുടെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സത്തിന് 1,28,534 രൂപയുടെ ക്രമക്കേടുമായി ബന്ധപ്പെട്ട ഉത്തരവാദിയായ ഉദ്യോഗസ്ഥനെ സംബന്ധിച്ച് സമിതി മുമ്പാകെ എന്താണ് ബോധിപ്പിക്കാനുള്ളതെന്ന ചോദ്യത്തിന് ഈ ഉദ്യോഗസ്ഥൻ സസ്പെൻഷനിലിരിക്കവേ റിട്ടയർ ചെയ്തുവെന്നും അദ്ദേഹത്തിൽ നിന്നാണ് ഈ പണം ഈടാക്കേണ്ടതെന്നും സി.എഫ്.എൽ. വിളക്ക് സ്ഥാപിച്ച കേസ്സിൽ കെ.എസ്.ഇ.ബി.യിലേക്ക് 12,000 രൂപ പഞ്ചായത്ത് അടച്ചിരുന്നുവെന്നും വിളക്കുകൾ സ്ഥാപിക്കേണ്ട ചെലവ് വൈദ്യുതി ബോർഡാണ് വഹിക്കേണ്ടതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നല്കി. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് നല്കാൻ സമിതി നിർദ്ദേശിച്ചു.

സമിതിയുടെ നിർദ്ദേശാനുസരണം സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

ഖണ്ഡികകൾ 2.45 (1-5)

90. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പിറവം പഞ്ചായത്തിനെ സംബന്ധിച്ച പരാമർശം ഖണ്ഡിക 45(1) മുതൽ 45(5) വരെയുള്ളവയ്ക്ക് ശ്രീ. കെ. എ. ജോസഫ്, റിട്ട. സെക്രട്ടറിയിൽ നിന്നും തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ആയതിന്റെ പുരോഗതി ലഭ്യമാക്കുന്നതിലേക്ക് 3-2-2014-ലെ കത്ത് പ്രകാരം ബഹു. ജില്ലാ കളക്ടറോട് അപേക്ഷിച്ചിട്ടുള്ളതാണെന്ന വിവരം ബോധിപ്പിക്കുന്നു.

സർക്കാർ മറുപടിയിന്മേലുള്ള ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

91. പിറവം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ 1997-98 മുതൽ 2000-01 വരെയുള്ള കാലയളവിലെ വിവിധ പ്രോജക്ടുകളിലെ അംഗീകരിക്കാനാവാത്ത ചെലവ് തുകകൾ ഉത്തരവാദിയായ സെക്രട്ടറി ശ്രീ. കെ. എ. ജോസഫിൽ നിന്ന് തിരികെ ഈടാക്കാൻ നിർദ്ദേശിച്ചിരുന്നു.

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | നിരാകരിച്ച തുക |
|---|---|---|
| 1 | 2.5 | 5000 |
| 2 | 2.6 | 12,000 |
| 3 | 2.10 | 43,378 |
| 4 | 2.12 | 26,233 |
| 5 | 2.13 | 7,080 |
| 6 | 2.14 | 24,000 |
| 7 | 2.15 | 10,843 |
| | ആകെ | 1,28,534 |

ടി തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് ഗ്രാമപഞ്ചായത്ത് അപേക്ഷ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും ടിയാളിൽ നിന്ന് നഷ്ടത്തുക ഈടാക്കിയിട്ടില്ല.

നിഗമനങ്ങൾ/ശിപാർശകൾ

92. **ഓഡിറ്റ് ഖണ്ഡിക 45(1-5)കളിലെ പരാമർശവുമായി ബന്ധപ്പെട്ട് ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും നഷ്ടത്തുക ഈടാക്കാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ഭരണവകുപ്പും, സംസ്ഥാന ഓഡിറ്റ് വകുപ്പും അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആർ.ആർ. നടപടി ത്വരിതപ്പെടുത്തി നഷ്ടത്തുക ഈടാക്കി സമിതിക്ക് അടിയന്തരമായി റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

കെ. സുരേഷ് കുറുപ്പ്,

തിരുവനന്തപുരം,
*അദ്ധ്യക്ഷൻ,*

2021 ജനുവരി 21.
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

## അനുബന്ധം I

# പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ്/ സ്ഥാപനം | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2 | തദ്ദേശസ്വയംഭരണ വകുപ്പ് | കൂവപ്പടി ഗ്രാമപഞ്ചായത്ത് ഒക്കൽ, കൂവപ്പടി എന്നീ പഞ്ചായത്തുകളായി വിഭജിച്ചതുകാരണം വോട്ടർ പട്ടിക തയ്യാറാക്കുകയെന്നത് വളരെ സങ്കീർണ്ണമായ ജോലിയായിരുന്നുവെന്നും തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സമയബന്ധിതമായി ജോലി തീർപ്പാക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും സമിതിക്ക് ബോദ്ധ്യപ്പെടുകയും പുതിയ പഞ്ചായത്ത് നിലവിൽ വന്നതുമൂലം വാർഡ് വിഭജനം ഉണ്ടായ പ്രത്യേക സാഹചര്യം മുൻ നിർത്തി തെറ്റുകൾ തിരുത്തി ശരിയായ വോട്ടർ പട്ടിക അച്ചടിച്ചതുവരെയുള്ള ചെലവുകൾ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഖണ്ഡികയിന്മേലുള്ള ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ നിർദ്ദേശിക്കുന്നു. |
| 2 | 14 | തദ്ദേശസ്വയംഭരണ വകുപ്പ് | ഇല്ലത്തുപടി പട്ടികജാതി കോളനിയിലെ 24 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതിയ്ക്കായി 1,00,000 രൂപ മുൻകൂറായി കൺവീനർ കൈപ്പറ്റിയെങ്കിലും അളവുപുസ്തക പ്രകാരം 76,584 രൂപയുടെ പ്രവൃത്തി മൂല്യം മാത്രമേ നടന്നിട്ടുള്ളൂ എന്ന് രേഖപ്പെടുത്തിയിരിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കുവാനും ഓഡിറ്റിനോട് ആയത് പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി നിർദ്ദേശിച്ചത് പ്രകാരം സർക്കാർ നൽകിയ മറുപടിയും ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ടും എസ്റ്റിമേറ്റ് പ്രകാരം പൂർത്തിയാക്കുവാനുണ്ടായിരുന്ന ബാക്കി |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | പ്രവൃത്തികളിൽ, പി.വി.സി. പൈപ്പ് ലൈൻ സ്ഥാപിച്ച് പ്രവൃത്തിയുടെമൂല്യം കണക്കാക്കി, ക്ഷമതയുള്ള എഞ്ചിനീയർ അളവുപുസ്തകത്തിൽ രേഖപ്പെടുത്തി ഫൈനൽ ബിൽ തയ്യാറാക്കാത്തതിനാലും, സാങ്കേതികമായി 23,416 രൂപ കൺവീനറിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണെങ്കിലും അപ്പെൻഡിക്സ് ബി-യിലെ റിറ്റെയ്നിംഗ് വാൾ, ടാങ്കിന് കവറിംഗ്, ഷീറ്റ് എന്നിവ ഒഴികെയുള്ള പ്രവൃത്തികൾ പഞ്ചായത്തിൽ നിന്നുള്ള ചെലവില്ലാതെ ഗുണഭോക്തൃ സമിതി തന്നെ ചെയ്തിട്ടുള്ളതായും നിലവിൽ കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാണെന്നതിനാലും പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 1,26,173 രൂപയും, നിലവിൽ ചെയ്യാത്ത പ്രവൃത്തികളുടെമൂല്യം 1,729 രൂപയും ബാക്കി തുക 1,24,444 രൂപയും ആണെങ്കിലും കൺവീനർക്ക് നൽകിയ തുക 1,00,000 ആണെന്നിരിക്കെ കൺവീനർക്ക് നൽകിയതിലും അധികം തുകയുള്ള പ്രവൃത്തി നടന്നിട്ടുള്ളതായി കാണുന്നതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 3 | 21, 22 | തദ്ദേശസ്വയംഭരണ വകുപ്പ് | 21. വനിതാ ഫിഷ് മാർക്കറ്റിംഗ് സൊസൈറ്റി എന്ന പദ്ധതിയുടെ ഭാഗമായി കോൾഡ് സ്റ്റോറേജ് യൂണിറ്റ് വാങ്ങുവാനായി 2,00,000 രൂപ അടങ്കൽ ആയി 1997-98 കാലയളവിൽ അനുവദിക്കുകയും അതിൻപ്രകാരം ഡീപ് ഫ്രീസർ, ഡബിൾ ഡോർ 286 ലിറ്റർ റഫ്രിജറേറ്റർ എന്നിവ 49,375 രൂപയ്ക്കും, 1000 വി.എ, 500 വി.എ. വോൾട്ടേജ് സ്റ്റെബിലൈസറുകൾ 1,890 രൂപയ്ക്കും, അളവുകട്ടികൾ, കൗണ്ടർ സ്കെയിൽ, പോർട്ടബിൾ വെയിംഗ് മെഷീൻ പ്ലാറ്റ്ഫോം എന്നിവ 12,100 രൂപയ്ക്കും വാങ്ങി 30-3-2000-ൽ പഞ്ചായത്തിൽ എത്തിച്ചുവെങ്കിലും |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | 31-8-2000-ൽ മാത്രമാണ് വനിതാ സഹകരണ സംഘം രൂപീകരിച്ചതെന്നും പ്രസ്തുത മെഷീനുകൾ സഹകരണ സംഘത്തിന് കൈമാറിയിട്ടില്ലെന്നും, നിലവിൽ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന പ്രസ്തുത ഇലക്ട്രിക്കൽ സാമഗ്രികളെല്ലാം വർഷങ്ങളായി ഉപയോഗിക്കാതെ വച്ചിരിക്കുന്നതിനാൽ ഇതിനായി ചെലവഴിച്ച 63,365 രൂപ പാഴ് ചെലവായതായും സമിതി മനസ്സിലാക്കുന്നു.<br><br>22. വനിതാ സഹകരണ സംഘം രൂപീകരിച്ചതിന് അംഗീകാരം കിട്ടാൻ താമസിച്ചതിനാലും സംഘവുമായി വ്യക്തമായ കരാറിൽ ഏർപ്പെടാതെയും പദ്ധതിയുമായി ബന്ധപ്പെട്ട് സാധനസാമഗ്രികൾ വാങ്ങിയതുമൂലം അത് ഉപയോഗ യോഗ്യമാക്കാതെ പാഴ് ചെലവായി മാറിയത് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള അനാസ്ഥയായി സമിതി വിലയിരുത്തുന്നു. ആയതിനാൽ ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടത്തുക തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യണമെന്നും, സമിതി നിർദ്ദേശിക്കുന്നു. |
| 4 | 33, 34 | തദ്ദേശസ്വയംഭരണ വകുപ്പ് | 33. 1999-2000 കാലഘട്ടത്തിൽ അശമന്നൂർ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്കാവശ്യമായ സേവനങ്ങൾ നൽകുന്നതിനാവശ്യമായ വിവരങ്ങൾ സർവ്വേ നടത്തി കമ്പ്യൂട്ടറിൽ ശേഖരിക്കുന്നതിനുള്ള പദ്ധതി, കമ്പ്യൂട്ടറൈസേഷൻ പ്രവൃത്തികൾ നടപ്പാക്കാതിരുന്നത് മൂലമാണ് പ്രസ്തുത കാലയളവിൽ പൂർത്തീകരിക്കാതിരുന്നതെന്നും എന്നാൽ നിശ്ചിത ഫോർമാറ്റിൽ തയ്യാറാക്കിയ വിവരങ്ങൾ പഞ്ചായത്തിന്റെയും പൊതു ജനങ്ങളുടെയും ആവശ്യങ്ങൾക്കായി നിലവിലും പ്രയോജനപ്പെടുത്തുന്നുണ്ടെന്നും എന്നാൽ പഞ്ചായത്തുകളിൽ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരണം നടന്നിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു.<br><br>34. പഞ്ചായത്ത്തല സോഫ്റ്റ്‌വെയർ എന്നതിനു പകരം സംസ്ഥാനതല സോഫ്റ്റ്‌വെയർ എന്ന രീതിയിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കണമെന്നും വിവരവിനിമയ സാങ്കേതിക സർവ്വേ സംബന്ധിച്ച് വിവരങ്ങൾ ക്രോഡീകരിച്ച് 3 മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | 39 | തദ്ദേശസ്വയംഭരണ വകുപ്പ് | അശമന്നൂർ ഗ്രാമപഞ്ചായത്തിലെ 4 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും പൂർത്തീകരിച്ച് പ്രവർത്തനം നടന്നു വരികയാണെന്ന ഓഡിറ്റ് വകുപ്പിന്റെ വിശദീകരണത്തിന്മേൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 6 | 44, 45 | തദ്ദേശസ്വയംഭരണ വകുപ്പ് | 44. ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലെ കിടങ്ങയം ഒ.ഇ.എൻ. റോഡ് ഉൾപ്പെടെയുള്ള 15 ജനകീയാസൂത്രണ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് 1999-2000 കാലയളവിൽ ഗ്രാമപഞ്ചായത്ത് വികസന സമിതി സംഘാടകന് ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 20,76,862 രൂപ ബാദ്ധ്യത യുണ്ടായതിന്, വിജിലൻസ് അന്വേഷണ ത്തിന് ശേഷം വിജിലൻസ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം പ്രസ്തുത തുക 2,44,673 രൂപയായി നിർണ്ണയിച്ചതായും 7-4-2012-ൽ 18% പലിശ സഹിതം 3,03,395 രൂപയ്ക്ക് ആർ.ആർ. നടപടി സ്വീകരിക്കുന്നതിനായി പഞ്ചായത്ത് ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിരുന്നെങ്കിലും ആർ.ആർ. നടപടി തടഞ്ഞു കൊണ്ട് വികസന സമിതി സംഘാടകൻ കോടതി ഉത്തരവ് നേടിയിട്ടുള്ളതായും, ഇതിനെതിരെ പഞ്ചായത്ത് കൗണ്ടർ ഫയൽ ചെയ്തതായും എന്നാൽ കേസ് നാളിതുവരെ തീർപ്പാക്കിയിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു.<br><br>45. കേസ് അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നടപടി പഞ്ചായത്ത് സ്വീകരിക്കണമെന്നും കോടതി വിധി പ്രകാരമുള്ള തുടർ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 7 | 47 | തദ്ദേശസ്വയംഭരണ വകുപ്പ് | കാലവർഷക്കെടുതിയിൽ തകർന്ന ഷട്ടർ പുനർനിർമ്മാണത്തിന് എസ്റ്റിമേറ്റ് എടുത്ത അവസരത്തിൽ വെള്ളം വറ്റിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ടായിരുന്നില്ല എന്നും എന്നാൽ പിന്നീട് മോട്ടോർ ഉപയോഗിച്ച് വെള്ളം വറ്റിക്കേണ്ട സാഹചര്യം ഉണ്ടായതിനാലാണ് അധിക തുക ചെലവായതെന്നും സമിതി അനുമാനിക്കുന്നു. ആയതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | 50 | തദ്ദേശസ്വയംഭരണ വകുപ്പ് | രായമംഗലം ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്ക് ട്യൂബ് ലൈറ്റ് സപ്ലൈക്കായി ക്വട്ടേഷൻ സമർപ്പിച്ച M/s. മേഘ ട്രേഡിംഗ് കമ്പനിയിൽ നിന്നും മുൻപ് വാങ്ങിയ തെരുവ് വിളക്കുകൾ ഒരാഴ്ച പോലും ഉപയോഗപ്രദമായിരുന്നില്ല എന്ന കാരണത്താലാണ് രണ്ടാമത്തെ കുറഞ്ഞ തുക ക്വാട്ട് ചെയ്ത M/s പോപ്പുലർ ട്രേഡിംഗ് കമ്പനി, മുടിയ്ക്കൽ എന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങിയതെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയിൽ നിന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 9 | 55, 56, 57 | തദ്ദേശസ്വയംഭരണ വകുപ്പ് | 55. പുളിയാനിക്കൽ കിണർ നിർമ്മാണം, വാഴക്കാലക്കണ്ടം കാവക്കാട് റോഡ് ടാറിംഗ് എന്നിവ പണി പൂർത്തീകരിച്ച് ഓഡിറ്റ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br><br>56. കാനം കോളനി റോഡ് സൈഡ് നിർമ്മാണവുമായി ബന്ധപ്പെട്ട ജോലിയിൽ നഷ്ടം വന്ന തുക കൺവീനറിൽ നിന്നും ഈടാക്കാൻ ആർ.ആർ. നടപടിക്ക് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയെങ്കിലും കൺവീനർ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന ആളാണെന്നും, മറ്റ് വരുമാന മാർഗ്ഗമൊന്നും ഇല്ലെന്നും കളക്ടർ അറിയിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br><br>57. മണിയന്ത്രം കോളനി കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ശ്രീ. ടി. എ. ജോസ് തട്ടുപറമ്പിൽ, മണിയന്ത്രം, കല്ലൂർക്കാട് എന്ന ആളിൽ നിന്നും 27,300 രൂപ ഈടാക്കാൻ റവന്യൂ റിക്കവറി നോട്ടീസ് അയച്ചിരുന്നെങ്കിലും പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചതായി പഞ്ചായത്ത് കമ്മിറ്റി 11-8-2015-ൽ വിലയിരുത്തുകയും, പ്രവൃത്തിയിൽ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | നഷ്ടം വന്നിട്ടുണ്ടെങ്കിൽ പ്രസ്തുത തുക മാത്രം ഈടാക്കുന്നതിലേക്കായി എൽ.എസ്.ജി.ഡി. എഞ്ചിനീയർ പ്രവൃത്തിയുടെ മൂല്യം കണക്കാക്കി പ്രവൃത്തിക്കായി അധികം ചെലവായ തുക ഈടാക്കുന്നതിന് പഞ്ചായത്ത് നോട്ടീസ് അയയ്ക്കുകയും ആയതിന് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കൂലിപ്പണിക്കാരനായ ടിയാന് തുക അടയ്ക്കുവാൻ നിർവ്വാഹമില്ലെന്നും, പ്രസ്തുത നടപടിയിൽ നിന്നും ഒഴിവാക്കണ മെന്ന് കാണിച്ച് അപേക്ഷ നൽകി യിട്ടുള്ളതായും പ്രസ്തുത തുക ഇന്നേവരെ ഈടാക്കിയിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. മണിയന്ത്രം കോളനി കുടിവെള്ള പദ്ധതിയുടെ കൺവീനർ കൈപ്പറ്റിയ തുകയിൽ നിന്ന് ചെയ്ത പ്രവൃത്തിക്ക് വന്ന ചെലവ് കുറച്ച് ബാക്കി തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി നോട്ടീസ് അയച്ചുവെങ്കിലും ഗുണഭോക്താ ക്കൾക്ക് പ്രദേശത്ത് പദ്ധതിയുടെ പ്രയോജനം ലഭിച്ചുവെന്ന് പഞ്ചായത്ത് കമ്മിറ്റി വിലയിരു ത്തുകയും ടിയാന്റെ അപേക്ഷ പരിഗണിച്ച് ബാക്കി തുക ഈടാക്കുന്നതിൽ നിന്നും ടിയാനെ ഒഴിവാക്കി തീരുമാനമെടുക്കുകയും ചെയ്തതായി അറിയിച്ചിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 61 | തദ്ദേശസ്വയംഭരണ വകുപ്പ് | കൺവീനർ 46,615 രൂപ കൈപ്പറ്റിയെങ്കിലും റോഡ് ടാറിംഗ് പണി ഒന്നും നടത്തിയില്ല എന്ന വിഷയത്തിന്മേൽ നിലവിൽ ബഹു. ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്ന തിനാൽ കേസ് നടത്തുന്നതിനുള്ള തുടർനടപടി പഞ്ചായത്ത് സ്വീകരിക്കണമെന്നും ബഹു. ഹൈക്കോടതി വിധിക്കനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുവാനും സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 11 | 63 | തദ്ദേശസ്വയംഭരണ വകുപ്പ് | 20,000 രൂപ ചെലവഴിച്ച് ബാലവാടി അറ്റകുറ്റപ്പണി നടത്തിയതിന്റെ രേഖകൾ പരിശോധിച്ചതായും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പ്രസ്തുത ഉദ്യോഗസ്ഥന്റെ പേരിലുള്ള സർചാർജ് നടപടികൾ ഒഴിവാക്കിയിട്ടുള്ളതായും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാന ത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 12 | 65 | തദ്ദേശസ്വയംഭരണ വകുപ്പ് | വനിതകൾക്കുവേണ്ടിയുള്ള സിമന്റ് ബ്രിക്സ് യൂണിറ്റിന് വേണ്ടി 75,000 രൂപ ചെലവായതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാതിരുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് സർചാർജ് നോട്ടീസ് നൽകുകയും ടിയാൻ ആയതിന് നൽകിയ മറുപടിയിന്മേൽ രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിനാൽ സർചാർജ് നടപടിയിൽ നിന്നും ടിയാനെ ഒഴിവാക്കിയിട്ടുള്ളതായും മനസ്സിലാക്കിയ സമിതി പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ നിർദ്ദേശിക്കുന്നു. |
| 13 | 68 | തദ്ദേശസ്വയംഭരണ വകുപ്പ് | സംസ്ഥാന ഓഡിറ്റ് വകുപ്പ് നടത്തിയ പ്രാദേശിക പരിശോധനയിലും നിരാകരിച്ച തുകയായ 51,480 രൂപയുടെ രേഖകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും കവളങ്ങാട് ഗ്രാമപഞ്ചായത്തിലെ റോഡ് പണി അപാകതമൂലം നഷ്ടം സംഭവിച്ച 51,480 രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 14 | 74 | തദ്ദേശസ്വയംഭരണ വകുപ്പ് | 74. ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട കേസ്സിലെ ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 15 | 75, 76, 77 | തദ്ദേശസ്വയംഭരണ വകുപ്പ്, നിയമ വകുപ്പ് | 75. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട കേസ്സുകളിൽ 90 ശതമാനവും പരാജയപ്പെടുന്നതിന് കാരണം യഥാസമയം കോടതിയിൽ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യാത്തതിനാലോ അഭിഭാഷകർ ഹാജരാകാത്തതിനാലോ ആണെന്ന് സമിതി നിരീക്ഷിക്കുന്നു.<br>76. കേസ് നടത്തിപ്പിന്റെ കാര്യങ്ങൾക്കായി കോർപ്പറേഷനിൽ ഒരു ലീഗൽ അസിസ്റ്റന്റും നഗരകാര്യ ഡയറക്ടറേറ്റിൽ ഒരു ലെയ്സൺ ഓഫീസറും ഉണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട കേസ് നടത്തിപ്പിനായി പ്രത്യേകം ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. പഞ്ചായത്തുകളിൽ കേസ്സുകളുടെ നടത്തിപ്പ് പഞ്ചായത്ത് സെക്രട്ടറി തന്നെ പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ ഭരണവകുപ്പ് പുറപ്പെടുവിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.<br>77. കോർപ്പറേഷനുകളിലും നഗരസഭാ ഡയറക്ടറേറ്റിലും കേസ്സുകളുടെ നടത്തിപ്പ് സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നതിനും അതിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തണമെന്നും നിർദ്ദേശിക്കുന്നതോടൊപ്പം ഇതിന്റെ മേൽനോട്ടം നിർവ്വഹിക്കുന്നതിനായി ഭരണവകുപ്പിൽ സംവിധാനമുണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. നിയമ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും കൂടിയാലോചിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കേസ് നടത്തിപ്പിലെ അപാകത പരിഹരിക്കാൻ കാലോചിതമായ പരിഷ്കരണങ്ങൾ ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 78 | തദ്ദേശസ്വയംഭരണ വകുപ്പ് | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട എല്ലാവരിൽ നിന്നും തുക തിരികെ അടവാക്കിയതായുള്ള ഓഡിറ്റിന്റെ മറുപടിയെ തുടർന്ന് പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 17 | 81 | തദ്ദേശസ്വയംഭരണ വകുപ്പ് | പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട് ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും നഷ്ടതുക ഈടാക്കുന്നതിനുവേണ്ടി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതായി സംസ്ഥാന ഓഡിറ്റ് വകുപ്പ് അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആർ.ആർ. നടപടി ത്വരിതപ്പെടുത്തി നടപടി സ്വീകരിച്ച് ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 18 | 84, 85 | തദ്ദേശസ്വയംഭരണ വകുപ്പ് | 84. മസ്റ്റർ റോളിൽ ആവശ്യമായ യാതൊരു വിവരവും രേഖപ്പെടുത്താതെ 18,480 രൂപ നൽകിയതിന് ഉത്തരവാദികളായ സെക്രട്ടറി മാരിൽ നിന്നും ഈടാക്കി റിപ്പോർട്ട് നൽകണമെന്നുള്ള സമിതി നിർദ്ദേശ പ്രകാരം പ്രസ്തുത തുക മുഴുവൻ ഈടാക്കിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു.<br><br>85. ഓഡിറ്റ് നിരാകരിച്ച 18,480 രൂപ സെക്രട്ടറിമാരായ ശ്രീ. എൻ. പരമേശ്വരൻ, ശ്രീ.ബി. സോമരാജൻ എന്നിവരിൽ നിന്നും യഥാക്രമം 10,220 രൂപ, 8,260 രൂപ എന്ന നിരക്കിൽ ഈടാക്കിയിട്ടുള്ളതായി ഓഡിറ്റ് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 19 | 86 | തദ്ദേശസ്വയംഭരണ വകുപ്പ് | പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ ഹാൾ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് അധികം നൽകിയ 27,937 രൂപ തിരിച്ചു പിടിച്ച് ജെ.ആർ.വൈ. ഫണ്ടിൽ അടവാക്കി യിട്ടുണ്ടെന്ന സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 20 | 88 | തദ്ദേശസ്വയംഭരണ വകുപ്പ് | കുമ്പളം ഗ്രാമപഞ്ചായത്തിലെ 3 വേലകൾക്കായി 1,37,736 രൂപ മുൻകൂർ നൽകിയതിൽ രണ്ട് പ്രവൃത്തികളുടെ തുക ഈടാക്കിയിട്ടുണ്ടെന്നും, കൃഷിഭവൻ ഗോഡൗൺ നിർമ്മാണത്തിനായി മുൻകൂർ കൈപ്പറ്റിയ തുകയിൽ മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനായി 28,000 രൂപ ചെലവഴിച്ചുവെന്നും ബാക്കി തുകയായ 13,525 രൂപ 3 ഗഡുക്കളായി പലിശ സഹിതം തിരിച്ചടച്ചിട്ടുണ്ടെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 21 | 92 | തദ്ദേശസ്വയംഭരണ വകുപ്പ് | ഓഡിറ്റ് ഖണ്ഡിക 45(1-5)കളിലെ പരാമർശ വുമായി ബന്ധപ്പെട്ട് ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും നഷ്ടത്തുക ഈടാക്കാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ഭരണ വകുപ്പും, സംസ്ഥാന ഓഡിറ്റ് വകുപ്പും അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആർ.ആർ. നടപടി ത്വരിതപ്പെടുത്തി നഷ്ടത്തുക ഈടാക്കി സമിതിക്ക് അടിയന്തരമായി റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |